# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂലൈ 10, ബുധൻ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--312]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| വനം-വന്യജീവി വകുപ്പ് മന്ത്രി | : 6209 മുതൽ 6253 വരെ |
| ജലവിഭവ വകുപ്പ് മന്ത്രി | : 6254 മുതൽ 6361 വരെ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി | : 6362 മുതൽ 6442 വരെ |
| പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി | : 6443 മുതൽ 6520 വരെ |

### വനാതിർത്തിയുടെ ഡിജിറ്റൽ സർവ്വേ

6209 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലുൾപ്പെടുന്ന വനാതിർത്തിയുടെ ഡിജിറ്റൽ സർവ്വേ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

### പാലോട് റേഞ്ചിലെ ജണ്ട നിർമ്മാണത്തിലെ അപാകതകൾ

6210 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വന ഡിവിഷനിലെ പാലോട് റേഞ്ചിൽ 2019-20, 2020-21 എന്നീ വർഷങ്ങളിൽ നിർമ്മിച്ച ജണ്ടകളിൽ വെരി ബാഡ്, ബാഡ്, മാനേജബിൾ എന്നീ വിഭാഗങ്ങളിൽപ്പെട്ട എത്ര ജണ്ടകൾ ഉണ്ടെന്നും അവയുടെ പുനർനിർമ്മാണത്തിന് എത്ര തുക വേണ്ടിവരുമെന്നാണ് വനം വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ പാലോട് റേഞ്ചിൽ ജണ്ട നിർമ്മിച്ചതിന് ബിൽ തയ്യാറാക്കി തുക കോൺട്രാക്ടർക്ക് നൽകിയതിൽ, എത്ര ജണ്ടകൾ വനം വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലെന്ന് വ്യക്തമാക്കുമോ;

(സി) കണ്ടെത്തുവാൻ കഴിയാത്ത ജണ്ടകൾ ഏതെല്ലാം അടങ്കൽ പ്രകാരം ചാർജ് ചെയ്തവയാണെന്നും അവ ബന്ധപ്പെട്ട റേഞ്ച് ഓഫീസർ, ഡി.എഫ്.ഒ. എന്നിവർ പരിശോധിച്ചിരുന്നോയെന്നും വ്യക്തമാക്കുമോ;

(ഡി) കണ്ടെത്തുവാൻ കഴിയാത്ത ജണ്ടകളുടെ നിർമ്മാണത്തിന് എത്ര തുകയുടെ ബിൽ തയ്യാറാക്കിയാണ് കോൺട്രാക്ടർക്ക് സർക്കാർ ഖജനാവിൽ നിന്നും തുക നൽകിയതെന്ന് വെളിപ്പെടുത്താമോ?

## ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

6211 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുവേണ്ടി ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## വകുപ്പിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ചുമതലകൾ

6212 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നിലവിലെ ചുമതലകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) സർക്കാരിൽ നിന്നും വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും നിയമിച്ചിട്ടുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരുടെ ചുമതലകൾ അംഗീകരിച്ച് സർക്കാർ പുറപ്പെടുവിച്ച 25/7/2022-ലെ സ.ഉ.(കൈ)നമ്പർ 52/2023/ജി.എ.ഡി. ഉത്തരവിലെ വ്യവസ്ഥകൾ വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലുൾപ്പെടുന്ന വനഭൂമിയുടെ ഡിജിറ്റൽ സർവ്വേ

6213 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലുൾപ്പെടുന്ന വനഭൂമിയുടെ ഡിജിറ്റൽ സർവ്വേ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

## ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ

6214 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വന ഡിവിഷനിലെ പാലോട് റെയിഞ്ചിൽ വനം വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ട് പ്രകാരം ഗുണമേന്മ ഇല്ലെന്ന് കണ്ടെത്തിയ ജണ്ടകളുടെ പുനർനിർമാണത്തിന് എത്ര കോടി രൂപയാണ് വേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജണ്ട നിർമ്മാണത്തിലൂടെ സർക്കാരിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം വരുത്തിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടം ഈടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ?

## കേരളത്തിലെ കണ്ടൽ വനങ്ങൾ

6215 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കണ്ടൽ വനങ്ങളെക്കുറിച്ചുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) സ്വകാര്യ വ്യക്തികളുടെ പക്കലുള്ള കണ്ടൽ വനത്തിന്റെ വിസ്തൃതി എത്രയാണെന്ന് അറിയിക്കാമോ;

(സി) സർക്കാരിന്റെ കൈവശമുള്ള കണ്ടൽ വനങ്ങളുടെ വിസ്തൃതി എത്രയാണെന്ന് അറിയിക്കാമോ;

(ഡി) കണ്ടൽ വനങ്ങളായി ലിസ്റ്റ് ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ ബഫർ സോൺ ആയി പ്രഖ്യാപിച്ചവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) കണ്ടൽ കാടുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണങ്ങളുമായും അനുമതികളുമായും ബന്ധപ്പെട്ട ഉത്തരവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എഫ്) സംസ്ഥാനത്തെ കണ്ടൽക്കാടുകളിൽ നിലവിൽ 5000 ചതുരശ്ര അടിക്ക് മുകളിലുള്ള നിർമ്മിതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ജി) സംസ്ഥാനത്ത് കണ്ടൽ ലാൻഡ് ബാങ്ക് രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വനഭൂമി കയ്യേറ്റം

6216 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനഭൂമി കയ്യേറ്റത്തിന്റെ കണക്ക് വനം വകുപ്പ് എടുത്തിട്ടുണ്ടോ; എങ്കിൽ ഇതനുസരിച്ച് എത്ര ഹെക്ടർ വനഭൂമി കയ്യേറിയിട്ടുണ്ട് എന്നതിന്റെ വനം ഡിവിഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) കേരള ലാൻഡ് കൺസർവൻസി ആക്ട് 1957 പ്രകാരം നോട്ടീസ് നൽകി കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതനുസരിച്ച് എത്ര ഹെക്ടർ ഭൂമി ഒഴിപ്പിച്ചിട്ടുണ്ട് എന്നതിന്റെ വനം ഡിവിഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## പാലക്കാട് ജില്ലയിലെ വനമേഖലയോട് ചേർന്ന് താമസിക്കുന്നവരുടെ പട്ടയം വിതരണം

6217 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വനമേഖലയോട് ചേർന്ന് താമസിക്കുന്നവർക്ക് പട്ടയം വിതരണം ചെയ്യുന്ന കാര്യത്തിൽ വനം വകുപ്പിന്റെ ഭാഗത്ത് നിന്നും എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## <u>വനപ്രദേശങ്ങളുടെ അതിർത്തി നിർണ്ണയം</u>

6218 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ വനപ്രദേശങ്ങളുടെയും അതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ടോ; ഏതൊക്കെ മേഖലകളിലാണ് ഇനിയും അതിർത്തി നിർണ്ണയം പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വനാതിർത്തി നിർണ്ണയം പൂർത്തീകരിക്കുന്നതിനും ആയതിന് ഡിജിറ്റൈസേഷൻ നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## <u>റിസർവ്വ് വനം</u>

6219 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇടുക്കി ജില്ലയിലെ വനവിസ്തൃതി വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) ഇപ്രകാരം റിസർവ്വ് വനമായി പ്രഖ്യാപിച്ച് ഇറക്കിയിട്ടുള്ള ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഗസറ്റ് വിജ്ഞാപനത്തിലൂടെ റിസർവ്വ് വനമായി പ്രഖ്യാപിച്ച സ്ഥലങ്ങളുടെ വിവരങ്ങൾ പഞ്ചായത്തും, വിസ്തൃതിയും തിരിച്ച് ലഭ്യമാക്കാമോ?

## <u>വനവൽക്കരണം</u>

6220 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവൽക്കരണത്തിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും ആശുപത്രികളിലും ലഭ്യമായ സ്ഥലങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ചെടികൾ വച്ച് പിടിപ്പിക്കുന്നതോടൊപ്പം അതിന്റെ പരിപാലനത്തിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ? ?

## <u>വനം കയ്യേറ്റം തടയുന്നതിന് നടപടി</u>

6221 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം കയ്യേറ്റം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ടെന്നും ഇനി എത്ര ഹെക്ടർ ഒഴിപ്പിക്കാനുണ്ടെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

**ഏണിയാടി-പട്ടുപ്പ് ഫോറസ്റ്റ് റോഡ്**

6222 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിനു കീഴിലെ ഏണിയാടി-പട്ടുപ്പ് ഫോറസ്റ്റ് റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് തുക അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ?

**നേര്യമംഗലം മുതൽ വാളറ വരെയുള്ള റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്**

6223 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്-85 ന്റെ ഭാഗമായ നേര്യമംഗലം മുതൽ വാളറ വരെയുള്ള റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട കേസിൽ വനം വകുപ്പിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നതിന് അനുകൂലമായ വിധി ലഭിച്ചതിനെതിരെ വനം വകുപ്പ് അപ്പീലിന് പോകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) പൊതുജനങ്ങൾക്ക് ഏറെ പ്രയോജനപ്പെടുന്ന പല കോടതി വിധികൾക്കെതിരെയും വനം വകുപ്പ് അപ്പീൽ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൊതുജന താത്പര്യ കോടതി വിധികൾക്കെതിരെയും സർക്കാർ തീരുമാനങ്ങൾക്കെതിരെയും വനം വകുപ്പ് അപ്പീൽ പോകാനിടയാകുന്ന സാഹചര്യം വിശദീകരിക്കാമോ?

**വയലട ടൂറിസം കേന്ദ്രത്തിലേക്കുള്ള റോഡിന്റെ നവീകരണം**

6224 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയലട ടൂറിസം കേന്ദ്രത്തിലേക്ക് പോകുന്ന റോഡിന്റെ 500 മീറ്ററോളം ഭാഗം വനം വകുപ്പിന്റെ ഉടമസ്ഥതയിലായതിനാൽ ഗ്രാമപഞ്ചായത്തിന് റോഡ് നവീകരിക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭാഗം നവീകരിക്കുന്നതിന് അനുമതി നൽകുമോ; വിശദമാക്കാമോ?

**വയലട ടൂറിസം കേന്ദ്രത്തിലേക്കുള്ള റോഡ് നവീകരണം**

6225 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയലട ടൂറിസം കേന്ദ്രത്തിലേക്കുള്ള വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡ് നവീകരിക്കുന്നതിന് പനങ്ങാട് ഗ്രാമ പഞ്ചായത്തിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) പനങ്ങാട് ഗ്രാമ പഞ്ചായത്തിന് പ്രസ്തുത റോഡ് നവീകരിക്കുന്നതിന് അനുമതി നൽകാൻ എന്താണ് തടസ്സമെന്ന് അറിയിക്കാമോ?

**ടൂറിസം പദ്ധതികൾക്ക് വനം വകുപ്പിന്റെ അനുമതി**

6226 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിൽ നിന്നുള്ള അനുമതി ലഭിക്കുന്നതിന് കാലതാമസം വരുന്നതിനാൽ ടൂറിസം വകുപ്പിന്റെ പല പദ്ധതികളും നടപ്പിലാക്കാൻ കഴിയുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) വനംവകുപ്പിന്റെ നടപടികൾ ലഘൂകരിക്കാത്തതുമൂലം ടൂറിസത്തിന്റെ അനന്തസാദ്ധ്യതകൾക്ക് വലിയ നഷ്ടം സംഭവിക്കുന്നത് ഒഴിവാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പത്ത്കോടി രൂപ വരെയുള്ള പദ്ധതികൾക്ക് പെർമിസീവ് സാംങ്ഷൻ നൽകുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ഡി.എഫ്.ഒ.മാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**ഇക്കോ ടൂറിസം പദ്ധതി**

6227 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ പുതുവൈപ്പ്, വളപ്പ് ബീച്ചുകളിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി എറണാകുളം സോഷ്യൽ ഫോറസ്റ്റ് ഡിവിഷൻ സമർപ്പിച്ച പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

**ജാനകിക്കാട് ഇക്കോ-ടൂറിസം സെന്ററിന്റെ വികസനം**

6228 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജാനകിക്കാട് ഇക്കോ-ടൂറിസം സെന്ററിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ;

(ബി) മരുതോങ്കര ഗ്രാമപഞ്ചായത്തിലെ പ്രസ്തുത ഇക്കോ-ടൂറിസം സെന്റർ വികസിപ്പിക്കുന്നതിന് വകുപ്പ് മുഖാന്തരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഇക്കോ-ടൂറിസം സെന്ററിന്റെ വികസനത്തിന് പദ്ധതി തയ്യാറാക്കുന്നതിന് നിർദേശം നൽകാൻ നടപടി സ്വീകരിക്കാമോയെന്ന് അറിയിക്കാമോ?

## വനം വകുപ്പിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ്

6229 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റതിന് ശേഷം വനം വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന എസ്.സി./ എസ്.ടി. വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ആയതിന്റെ തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നടത്തുന്നതിനായി ഒഴിവുകൾ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

## വനം വകുപ്പിലെ താല്ക്കാലിക ജീവനക്കാർ

6230 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിൽ എത്ര താല്ക്കാലിക ജീവനക്കാരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് നൽകുന്ന വേതനം എത്രയാണെന്നും എത്രകാലമായി ഇവർ ജോലിയിൽ തുടരുന്നുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാർ പിരിഞ്ഞു പോകേണ്ടത് അല്ലെങ്കിൽ ഇവരെ പിരിച്ച വിടുന്നത് എപ്പോഴാണെന്ന് അറിയിക്കാമോ;

(ഡി) 56 വയസ്സ് പൂർത്തിയായ താല്ക്കാലിക ജീവനക്കാർ പിരിഞ്ഞു പോകണമെന്ന് വനം വകുപ്പിന്റേതായി മാത്രമുള്ള ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) 56 വയസ്സ് കഴിഞ്ഞാൽ പിരിഞ്ഞു പോകുന്ന താല്ക്കാലിക ജീവനക്കാർക്കായി എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകാനുള്ള പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ?

## താത്കാലിക/കരാർ ജീവനക്കാരുടെ എണ്ണം

6231 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ നിലവിൽ എത്ര താത്കാലിക/കരാർ ജീവനക്കാരുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ടവർ എത്രപേരാണെന്ന് അറിയിക്കാമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെയുള്ള നിയമനങ്ങൾ മറ്റ് ഏതെല്ലാം രീതിയിലാണ് നടത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**കൈപ്പമംഗലം മണ്ഡലത്തിൽ നാച്ചുറൽ ക്യാമ്പുകൾ സംഘടിപ്പിക്കാൻ നടപടി**

6232 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങൾക്കാണ് 2020 മുതൽ നാച്ചുറൽ ക്യാമ്പുകൾ നൽകിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് അവബോധം ഉളവാക്കുന്ന നാച്ചുറൽ ക്യാമ്പ് നിയോജക മണ്ഡലത്തിലെ എല്ലാ ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാലയങ്ങൾക്കും നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**വനം വകുപ്പിന്റെ സെൻസസ്**

6233 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പ് സെൻസസ് നടത്തി വരുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) വനംവകുപ്പ് നടത്തിവരുന്ന സെൻസസുകൾ തമ്മിലുള്ള ഇടവേള എത്ര വർഷമാണ് എന്ന് വിശദമാക്കാമോ;

(സി) എങ്കിൽ ഏറ്റവും അവസാനം നടത്തിയ രണ്ട് സെൻസസുകളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ഡി) ഏറ്റവും അവസാനം നടത്തിയ സെൻസസ് പ്രകാരം വന്യജീവികളുടെ എണ്ണത്തിൽ കുറവുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) എങ്കിൽ വന്യ ജീവികളുടെ എണ്ണത്തിൽ കുറവു വരുവാനുണ്ടായ കാരണങ്ങളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**പാലോട് റെയിഞ്ചിൽ നിർമ്മിച്ച ജണ്ടകളുടെ ഗുണനിലവാരം**

6234 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ പാലോട് റെയിഞ്ചിൽ നിർമ്മിച്ച ജണ്ടകളുടെ ഗുണനിലവാരമില്ലായ്മ സംബന്ധിച്ച് തിരുവനന്തപുരം എഞ്ചിനീയറിങ് കോളേജിലെ വിദഗ്ധ സമിതി നേരിട്ട് ഫീൽഡ് പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ട് എന്ന് ലഭിച്ചുവെന്നും അതിന്മേൽ സ്വീകരിച്ച തുടർ നടപടികളും വിശദീകരിക്കാമോ; ലഭിച്ചിട്ടില്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസത്തിന് ഇടയാക്കിയ കാരണങ്ങൾ വിശദീകരിക്കാമോ;

(സി) ഗുണ നിലവാരമില്ലാത്ത ജണ്ട നിർമ്മിച്ചതിലൂടെ ഉടമ്പടി ലംഘനം വരുത്തിയ കോൺട്രാക്ടർമാരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തി അവരുടെ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## മുള്ളി ചെക്ക് പോസ്റ്റ് തുറക്കുന്നതിനുള്ള നടപടികൾ

6235 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ നിന്നുള്ളവർക്ക് അട്ടപ്പാടിയിലെ മുള്ളി വഴി ഊട്ടിയിലേക്ക് പോകുന്നതിനുള്ള പ്രധാന പാതയിലെ മുള്ളി ചെക്ക് പോസ്റ്റ് കഴിഞ്ഞ മൂന്ന് വർഷമായി തമിഴ്നാട് വനം വകുപ്പ് അടച്ചിട്ടതിനാൽ യാത്രാതടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) തമിഴ്നാട് സർക്കാരുമായി ബന്ധപ്പെട്ട് പ്രസ്തുത ചെക്ക് പോസ്റ്റ് തുറക്കുവാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

## ആർ.കെ.ഡി.പി. പ്രകാരം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പദ്ധതി

6236 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.കെ.ഡി.പി. പ്രകാരം വനാതിർത്തിയിൽ താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പദ്ധതി വനം വകുപ്പ് നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയാണ് ഇത്തരം കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നത്; വിശദമാക്കാമോ;

(സി) വാമനപുരം മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങൾ

6237 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ വനംവകുപ്പ് തന്നെ നേരിട്ട് ഏതെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(സി) മറ്റ് വകുപ്പുകൾക്കും സർക്കാർ പദ്ധതികൾക്കും പ്രസ്തുത ഭൂമി വിട്ടുകൊടുക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; അത്തരം പ്രൊപ്പോസലുകൾ മറ്റ് വകുപ്പുകളിൽ നിന്ന് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## മലപ്പുറം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

6238 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം മണ്ഡലത്തിൽ വകുപ്പ് മുഖാന്തരം നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോന്നിനും ചെലവാക്കിയ തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ ഈ സാമ്പത്തിക വർഷം ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ?

## മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടി

6239 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ദേശീയപാതയുടേയും പൊതുമരാമത്ത് റോഡുകളുടേയും മറ്റ് ഗ്രാമീണ റോഡുകളുടേയും അരികിലായി വനഭൂമിയിൽ അപകടകരമായ നിലയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനുവേണ്ടി ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) മരങ്ങൾ സമയബന്ധിതമായി മുറിച്ചുമാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## സംസ്ഥാനത്തെ വനങ്ങളിലുള്ള കടുവകൾ

6240 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങളിലുള്ള കടുവകളുടെ സെൻസസ് അവസാനമായി നടന്നത് ഏത് വർഷമാണെന്ന് അറിയിക്കാമോ;

(ബി) നിലവിൽ സംസ്ഥാനത്തെ കടുവകളുടെ എണ്ണം എത്രയാണ് എന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ വന വിസ്തൃതിക്ക് അനുസൃതമായ അനുപാതത്തിലാണോ വനങ്ങളിലെ കടുവകളുടെ എണ്ണം എന്ന വിവരം ലഭ്യമാക്കാമോ; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ വനങ്ങളിൽ നിന്ന് കടുവകൾ ജനവാസ കേന്ദ്രങ്ങളിലേക്ക് പ്രവേശിക്കുന്നത് തടയുന്നതിന് വേണ്ടി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## റാപിഡ് റെസ്പോൺസ് യൂണിറ്റുകൾ

6241 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എത്ര ആർ.ആർ.ടി. യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ടെന്നും ഏതൊക്കെ ജില്ലകളിലാണ് അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

(ബി) വന്യമൃഗശല്യം രൂക്ഷമായ കാസർഗോഡ് ജില്ലയിൽ ആർ.ആർ.ടി. യൂണിറ്റുകൾ അനുവദിക്കണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## വന്യജീവി സാന്നിദ്ധ്യവും ആക്രമണവും തടയാൻ നടപടി

6242 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിന് കീഴിലുള്ള പാലപ്പിള്ളി, വെള്ളിക്കുളങ്ങര തുടങ്ങിയ പ്രദേശങ്ങളിൽ വന്യജീവി സാന്നിദ്ധ്യവും ആക്രമണവും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സൗരോർജ്ജവേലി, കിടങ്ങുകൾ എന്നിവയുടെ നിർമ്മാണം, വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി കുളങ്ങളുടെ നിർമ്മാണം, വനമേഖലയ്ക്കുള്ളിൽ ഫലവൃക്ഷ തൈകൾ നട്ടുവളർത്തൽ, ആർ.ആർ.ടി.യുടെ കാര്യക്ഷമമായ പ്രവർത്തനം തുടങ്ങിയ വന്യജീവി-മനുഷ്യ സംഘർഷം കുറയ്ക്കുന്നതിനായുള്ള നടപടികൾ പ്രസ്തുത മേഖലയിൽ നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ആനകളെ പരിപാലിക്കുന്നതിനുള്ള വ്യവസ്ഥകൾ

6243 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്റ്റ് 1979 പ്രകാരം വ്യക്തികൾ ആനകളെ പരിപാലിക്കുന്നതിന് എന്തൊക്കെ വ്യവസ്ഥകളാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ആനകളെ കൈമാറ്റം ചെയ്യുന്നതിന് നിലവിൽ വൈൽഡ് ലൈഫ് ആക്റ്റ് പ്രകാരമുള്ള വ്യവസ്ഥകൾ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നാട്ടാനകളുടെ വിവരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ ആകെ എത്ര ആനകളെ കൈമാറ്റം ചെയ്തിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത ലിസ്റ്റ് പ്രകാരമുള്ള ഉടമസ്ഥരുടെ കൈവശം തന്നെയാണോ ഈ ആനകൾ ഇപ്പോഴും ഉള്ളതെന്ന് വ്യക്തമാക്കുമോ; അല്ലെങ്കിൽ അവയുടെ പുതിയ ഉടമസ്ഥരുടെ പേരും മേൽവിലാസവും ആനകളെപ്പറ്റിയുള്ള വിവരങ്ങളും ലഭ്യമാക്കുമോ?

## കോഴിക്കോട് ജില്ലയിലെ റാപിഡ് റെസ്പോൺസ് ടീം

6244 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സംഘർഷം കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് എവിടെയൊക്കെയാണ് പുതിയ റാപിഡ് റെസ്പോൺസ് ടീം ആരംഭിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ പുതിയ റാപിഡ് റെസ്പോൺസ് ടീം രൂപീകരിച്ചിട്ടുള്ളത് എവിടെയെല്ലാമാണെന്നും അവയുടെ പ്രവർത്തന രീതി എങ്ങനെയാണെന്നും അവയുടെ ആസ്ഥാനം എവിടെയാണെന്നും വിശദമാക്കുമോ?

## മഞ്ചേരി മണ്ഡലത്തിലെ വന്യമൃഗശല്യം

6245 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരി മണ്ഡലത്തിലെ ഇടപ്പറ്റ ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ വന്യമൃഗങ്ങളായ ആന, കടുവ എന്നിവ സ്വകാര്യഭൂമികളിലേക്കിറങ്ങി മനുഷ്യനും വളർത്തുമൃഗങ്ങൾക്കും ഉണ്ടാക്കുന്ന അപകടങ്ങളിൽനിന്നും അവരെ സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കാമോ;

(ബി) വന്യമൃഗങ്ങളായ ആന, കടുവ എന്നിവ മനുഷ്യജീവന് ആപത്തുണ്ടാക്കുന്നതും കാട്ടുപന്നി, ആന എന്നിവ വ്യാപകമായി കൃഷിയിടങ്ങൾക്ക് നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കൃഷിക്കാർക്കുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച അടിയന്തര നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിന് പദ്ധതി

6246 **ശ്രീ. ടി. പി .രാമകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനുള്ള ദീർഘകാല പദ്ധതികൾ കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതികൾക്ക് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്കായി ഏതെങ്കിലും ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

## കണ്ണൂർ ജില്ലയിൽ പാമ്പ് കടിയേറ്റവർക്കുള്ള ധനസഹായം

6247 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പാമ്പ് കടിയേറ്റ് മരിച്ചവരുടെ ആശ്രിതർക്കും പാമ്പ് കടിയേറ്റ് ചികിത്സയിലുള്ളവർക്കുമുള്ള ധനസഹായത്തിന് അപേക്ഷിച്ചവരിൽ ഏത് തീയതിവരെ അപേക്ഷിച്ചവർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്;

(ബി) ലഭിച്ച അപേക്ഷകളിൽ ഇനി എത്ര പേർക്ക് ധനസഹായം വിതരണം ചെയ്യാനുണ്ട്; വ്യക്തമാക്കാമോ?

## വന്യജീവി ആക്രമണവും കൃഷി നശിപ്പിക്കലും

6248 **ശ്രീ. കെ. ജെ. മാക്സി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തികളിൽ താമസക്കാർ നേരിടേണ്ടി വരുന്ന വന്യജീവി ആക്രമണവും കൃഷി നശിപ്പിക്കലും ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിൽ നിന്നും ജനങ്ങളെ രക്ഷിക്കാനും ഒപ്പം വന്യജീവികളെ സംരക്ഷിക്കാനുമായുള്ള മാസ്റ്റർ പ്ലാൻ നടപ്പിലാക്കൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ;

(സി) കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ഓരോ വർഷവും എത്ര വന്യജീവി ആക്രമണങ്ങൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേർ വന്യജീവി ആക്രമണത്തിന് ഇരയായെന്നും എത്ര പേർക്ക് ജീവഹാനി സംഭവിച്ചുവെന്നും വ്യക്തമാക്കാമോ?

## മനുഷ്യ-വന്യജീവി സംഘർഷം

6249 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷത്തിൽ പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്കും നൽകിവരുന്ന നഷ്ടപരിഹാരത്തിൽ സംസ്ഥാന സർക്കാർ വിഹിതം എത്രയെന്നും ആയതിനായി കേന്ദ്ര സർക്കാർ വിഹിതം ലഭിക്കുന്നുണ്ടെങ്കിൽ എത്രയെന്നും അറിയിക്കുമോ; വിശദമാക്കാമോ;

(ബി) വന്യജീവി ശല്യം മൂലം കൃഷിനാശം സംഭവിക്കുന്നവർക്ക് നിലവിൽ നൽകിവരുന്ന നഷ്ടപരിഹാര തുക അവസാനമായി പരിഷ്കരിച്ചത് എന്നാണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വനമേഖലയോട് ചേർന്ന് കൃഷി ചെയ്യുന്ന വിളകൾക്ക് കാർഷിക ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുമോ; വിശദമാക്കാമോ; വന്യജീവി ആക്രമണമുണ്ടാകുമ്പോൾ അടിയന്തരമായി ഉപയോഗിക്കേണ്ട എസ്.എഫ്.ഡി.എ. ഫണ്ട് ധനകാര്യ വകുപ്പിന്റെ മുൻകൂർ അനുമതി ഇല്ലാതെ ഉപയോഗിക്കാവുന്ന തരത്തിലുള്ള ക്രമീകരണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിയ്ക്കുമോ; വിശദമാക്കുമോ;

(ഡി) കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ പുനലൂർ, തെന്മല, അച്ചൻകോവിൽ, തിരുവനന്തപുരം വനം ഡിവിഷനുകളിലായി വന്യജീവി ശല്യം മൂലം കൃഷിനാശം സംഭവിച്ചവർക്ക് എത്ര തുക നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ടെന്നും വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവർക്കും പരിക്കേറ്റവർക്കുമായി എത്ര തുക നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(ഇ) പുനലൂർ, തെന്മല, അച്ചൻകോവിൽ, തിരുവനന്തപുരം ഡിവിഷനുകളുടെ കീഴിൽ വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഫോറസ്റ്റ് വാച്ചർമാർ ഉൾപ്പെടെയുള്ള താത്കാലിക ജീവനക്കാർക്ക് വേതന കുടിശിക നൽകാനുണ്ടോ; എങ്കിൽ അത് സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(എഫ്) പ്രസ്തുത വനം ഡിവിഷനുകളുടെ കീഴിൽ കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ വന്യജീവി ആക്രമണങ്ങളിൽ എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്നും വിശദമാക്കുമോ; പ്രസ്തുത കാലയളവിൽ വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടതും പരിക്കേറ്റതുമായ വളർത്തുമൃഗങ്ങളുടെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ജി) പ്രസ്തുത ഡിവിഷനുകളിൽ ഈ കാലയളവിൽ മനുഷ്യ-വന്യജീവി സംഘർഷത്തെ തുടർന്ന് ജീവൻ നഷ്ടപ്പെട്ട വന്യമൃഗങ്ങളുടെ എണ്ണം അറിയിക്കുമോ?

## വന്യമൃഗങ്ങൾ നശിപ്പിക്കുന്ന വിളകൾക്കുള്ള നഷ്ടപരിഹാരം

6250 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ നശിപ്പിക്കുന്ന ഏതെല്ലാം വിളകൾക്കാണ് നഷ്ടപരിഹാരം നൽകുന്നതെന്ന് വിശദമാക്കുമോ;

(ബി) നഷ്ടപരിഹാരം നൽകുന്ന വിളകളിൽ മാവുകളെ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## വന്യമൃഗങ്ങൾ വാഹനങ്ങളിൽ ഇടിച്ചുണ്ടാകുന്ന മരണങ്ങൾ

6251 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ മേഖലയിൽ ഇറങ്ങുന്ന വന്യമൃഗങ്ങൾ വാഹനങ്ങളിൽ ഇടിച്ചുണ്ടാകുന്ന മരണങ്ങൾ തുടർക്കഥയാകുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) മലപ്പുറം എടവണ്ണയിൽ കുറുകെച്ചാടിയ കാട്ടുപന്നിയെ ഇടിച്ച് സ്കൂട്ടർ മറിഞ്ഞുണ്ടായ അപകടത്തിൽ അരീക്കോട് സ്വദേശി മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) ജനവാസ മേഖലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിലും, വന്യമൃഗങ്ങൾ വാഹനങ്ങളിൽ ഇടിച്ചും ആളുകൾ മരണപ്പെടുന്നതു തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന്റെ വികസനം

6252 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന്റെ വികസനത്തിനായി നടന്നുവരുന്ന ഒന്നാംഘട്ട പദ്ധതിയുടെ പൂർത്തീകരണത്തിന് ശേഷം നടത്തേണ്ട പ്രവർത്തനങ്ങൾ എത്ര ഘട്ടമായിട്ടാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന വിവരം അറിയിക്കുമോ;

(ബി) തുടർന്നുള്ള ഓരോ ഘട്ടത്തിലും നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും തുകയും സംബന്ധിച്ച വിവരങ്ങൾ നൽകുമോ?

## നെയ്യാർ ഡാമിലെ ലയൺ സഫാരി പാർക്ക്

6253 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാമിലെ ലയൺ സഫാരി പാർക്ക് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) അടുത്തിടെ പാർലമെന്റ് പാസാക്കിയ വനസംരക്ഷണ ഭേദഗതി ബില്ലിന്റെ വ്യവസ്ഥകളിൽ ഉൾപ്പെടുത്തി നെയ്യാർ ഡാമിലെ ലയൺ സഫാരി പാർക്ക് വിപുലീകരിക്കാൻ കഴിയുമോ എന്ന വിവരം ലഭ്യമാക്കുമോ?

## <u>ജലാശയങ്ങളുടെ സംരക്ഷണം</u>

6254 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലാശയങ്ങളിൽ വ്യാപകമായ കയ്യേറ്റം നടക്കുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കയ്യേറ്റം നടന്നു എന്നതിലേക്ക് എത്തിച്ചേരാനുള്ള നിഗമനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ജലാശയങ്ങളിലെ കയ്യേറ്റം തിരിച്ചറിയുന്നതിനായി റവന്യൂ വകുപ്പിന്റെ സഹായം തേടിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കൈയേറിയ ജലാശയ ഭാഗങ്ങൾ തിരികെ സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഭാവിയിൽ ഉണ്ടാകുന്ന കൈയേറ്റങ്ങൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

## <u>ജലവിഭവ വകുപ്പ് മുഖാന്തിരമുള്ള മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ</u>

6255 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ജലവിഭവ വകുപ്പ് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, കല്ലട ഇറിഗേഷൻ, പമ്പ ജലസേചന പദ്ധതി എന്ന വിധത്തിൽ പ്രസ്തുത പ്രവൃത്തികൾ വിശദമാക്കുമോ?

## <u>ഇറിഗേഷൻ വകുപ്പിലെ ഡ്രഡ്ജറുകളുടെ വിശദാംശം</u>

6256 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇറിഗേഷൻ വകുപ്പിന് എത്ര ഡ്രഡ്ജറുകൾ ഉണ്ടെന്നും അതിൽ എത്രയെണ്ണമാണ് പ്രവർത്തനക്ഷമമായിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) വകുപ്പിന്റെ ഡ്രഡ്ജറുകൾ ഉപയോഗിച്ച് കഴിഞ്ഞവർഷം നടത്തിയ പ്രവൃത്തികൾ ഏതൊക്കെ; വിശദാംശം ലഭ്യമാക്കാമോ?

## <u>ജലവിഭവ വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ</u>

6257 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് ടെണ്ടർ ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും നിർമ്മാണം നടന്നുവരുന്നതുമായ പ്രവൃത്തികളുടെ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്രകോടി രൂപയാണെന്ന് വ്യക്തമാക്കാമോ;

(ബി) കോൺട്രാക്ടർമാർ സമർപ്പിച്ച ബില്ലുകളിൽ ഇനിയും പാസ്സാക്കി നൽകിയിട്ടില്ലാത്തത് ആകെ എത്ര തുകയുടേതാണ്; വ്യക്തമാക്കാമോ;

(സി) കുട്ടനാട് പാക്കേജിൽ ഭരണാനുമതി നൽകിയിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്രയാണ്; ഭരണാനുമതി നൽകിയിട്ടും ടെണ്ടർ ചെയ്യുവാനുള്ള പ്രവൃത്തികൾ ഏതെല്ലാം; പ്രസ്തുത പ്രവൃത്തികൾ ഓരോന്നും എന്നത്തേക്ക് ടെണ്ടർ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) നിർമ്മാണത്തിലിരിക്കുന്നതും നിർമ്മാണം പൂർത്തിയാക്കിയതും ഭരണാനുമതി നൽകിയിട്ടുള്ളതുമായ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾക്ക് നടപ്പു വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; അതിൽനിന്നും നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ട്; വിശദമാക്കുമോ?

## <u>ജലസേചന പ്രോജക്ടുകളുടെ മേൽനോട്ടത്തിനായി രൂപീകരിച്ച സമിതികൾ</u>

6258 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന പദ്ധതികളുടെ മേൽനോട്ടത്തിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് അറിയിക്കുമോ;

(ബി) കൃഷിക്കാരെ ഉൾപ്പെടുത്തി ഇതിനായി സമിതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സമിതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് എങ്ങനെയെന്ന് വിശദീകരിക്കുമോ;

(ഡി) ഇതര ജലസേചന സംവിധാനങ്ങൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിലും ഇത്തരം സമിതികൾ രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## <u>വടകര മണ്ഡലത്തിലെ പ്ലാൻ ഫണ്ട് പദ്ധതികൾ</u>

6259 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടകര മണ്ഡലത്തിനായി ജലവിഭവ വകുപ്പിന്റെ പ്ലാൻ ഫണ്ട് മുഖേന അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; ആകെ എത്ര രൂപയുടെ പദ്ധതികളാണ് ഈ കാലഘട്ടത്തിൽ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വടകര മണ്ഡലത്തിൽ കടലാക്രമണം ചെറുക്കുന്നതിനായി അടിയന്തരമായി നിർമ്മിക്കേണ്ട കടൽഭിത്തികൾ ഏതൊക്കെയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) ഇതിലേക്കായി ആകെ എത്ര ദൂരം കടൽ ഭിത്തി നിർമ്മിക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) കടലാക്രമണം അതിരൂക്ഷമായ വടകര മണ്ഡലത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും കടൽഭിത്തി നിർമ്മാണത്തിനായി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>രണ്ടാം കുട്ടനാട് പാക്കേജിലെ പദ്ധതികൾ</u>**

6260 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം കുട്ടനാട് പാക്കേജിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ മുഴുവൻ പാടശേഖരങ്ങളിലും ട്രാക്ടർ റോഡോടുകൂടിയ ബണ്ട് ബലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) കുട്ടനാടിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത പാക്കേജിലെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തി കായലിലേയും ആറുകളിലേയും തോടുകളിലേയും പായലും എക്കലും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**<u>കാഞ്ഞിരമുഴി ഡ്രിപ് ഇറിഗേഷൻ പദ്ധതി</u>**

6261 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം നഗരസഭയിലെ കാഞ്ഞിരമുഴി ഡ്രിപ് ഇറിഗേഷൻ പദ്ധതിയുടെ സവിശേഷതയും വിശദാംശവും വ്യക്തമാക്കാമോ;

(ബി) രണ്ടു ഘട്ടമായി നടക്കുന്ന പ്രസ്തുത പദ്ധതിയുടെ നിലവിലെ പ്രവർത്തനപുരോഗതി വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**<u>മണലൂർ മണ്ഡലത്തിലെ ഇടിയഞ്ചിറ റെഗുലേറ്ററിന് സമീപത്ത് നിർമ്മിക്കുന്ന താല്ക്കാലിക ബണ്ട്</u>**

6262 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഇടിയഞ്ചിറ റെഗുലേറ്ററിന് സമീപത്ത് നിർമ്മിക്കുന്ന താല്ക്കാലിക ബണ്ട് എല്ലാ വർഷവും പൊട്ടിക്കുമ്പോൾ ബണ്ട് നിർമ്മാണത്തിന് ഉപയോഗിക്കുന്ന മണ്ണ് പ്രസ്തുത റെഗുലേറ്ററിന് പടിഞ്ഞാറു വശത്തുള്ള പെരിങ്ങാട് പുഴയിലേക്ക് എത്തി പുഴയുടെ ആഴം വളരെ കുറഞ്ഞ് പുഴയുടെ നിലനിൽപ്പിന്

ഭീഷണിയായി തീർന്നിരിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ണ് നീക്കം ചെയ്ത് പുഴയെ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

## <u>കടലുണ്ടി പുഴയിലെ ജല സംരക്ഷണം</u>

6263 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലുണ്ടിപ്പുഴ പുതിയ കുടിവെള്ള പദ്ധതികൾക്കുള്ള ജലസ്രോതസ്സ് ആയി ഉപയോഗിക്കാൻ ഇനി സാധ്യമല്ല എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രതിസന്ധി മറികടക്കുന്നതിനും കടലുണ്ടിപ്പുഴയുടെ ജലസംരക്ഷണത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനുവേണ്ടി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; വിശദമാക്കാമോ?

## <u>അഴിമുഖത്ത് രൂപപ്പെട്ട മണൽ നീക്കം ചെയ്യുന്നതിന് നടപടി</u>

6264 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലുണ്ടിക്കടവ് ഫിഷ് ലാന്റിംഗ് സെന്ററിന് സമീപം അഴിമുഖത്ത് രൂപപ്പെട്ട മണൽ നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) അഴിമുഖത്ത് മണ്ണും ചെളിയും അടിഞ്ഞുകൂടി കടലുണ്ടി പുഴയുടെ നീരൊഴുക്ക് പൂർണ്ണമായും തടസ്സപ്പെട്ടത് കാരണം പുഴയോരത്തെ വീടുകൾക്കുണ്ടായ നാശനഷ്ടത്തിന് സാമ്പത്തിക സഹായം നൽകുമോ; വ്യക്തമാക്കാമോ?

## <u>കുറ്റ്യാടി പുഴയിലെ മണൽ നീക്കം ചെയ്യാൻ നടപടി</u>

6265 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി പുഴയിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്ത് ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>കാട്ടാക്കട മണ്ഡലത്തിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ</u>

6266 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം നബാർഡ് സ്കീമിൽ നിന്നും അനുമതി ലഭ്യമായ പ്രവൃത്തികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ഇറിഗേഷന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഏതൊക്കെ പ്രവൃത്തികൾ നിർദ്ദേശിച്ചിരുന്നുവെന്നും

അവയിൽ അനുമതി ലഭ്യമായത് ഏതൊക്കെയെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

## മാവേലിക്കര മണ്ഡലത്തിലൂടെ കടന്നുപോകുന്ന ജലസേചന പദ്ധതികൾ

6267 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലൂടെ കടന്നുപോകുന്ന പമ്പ ജലസേചന പദ്ധതിയുടെ കനാൽ വിവിധയിടങ്ങളിൽ തകർന്ന് കിടക്കുന്നതും കാടുപിടിച്ച കിടക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കനാൽ നവീകരിക്കുന്നതിനും പുനരുദ്ധാരണ പ്രവർത്തനങ്ങൾ കൃത്യമായി നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ആയതിന് ആവശ്യമായ തുക അനുവദിക്കുമോ; വിശദമാക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തിലൂടെ കടന്ന് പോകുന്ന കല്ലട ജലസേചന പദ്ധതിയുടെ കനാൽ വിവിധയിടങ്ങളിൽ തകർന്ന് കിടക്കുന്നതും കാട് പിടിച്ച് കിടക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കനാൽ നവീകരിക്കുന്നതിനും പുനരുദ്ധാരണ പ്രവർത്തനങ്ങൾ കൃത്യമായി നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ആയതിന് ആവശ്യമായ തുക അനുവദിക്കുമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം

6268 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ ചെറുകിട ജലസേചന വിഭാഗം 2021-22, 2022-23, 2023-24 സാമ്പത്തിക വർഷത്തിൽ കുളങ്ങൾ നവീകരിക്കുന്നതിനായി എത്ര തുകയാണ് അനുവദിച്ചത് എന്ന് വിശദമാക്കാമോ?

## പുഞ്ചപ്പാടം തോട് നവീകരണം

6269 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം, ഇരിമ്പിളിയം എന്നീ പഞ്ചായത്തുകളിൽ കൂടിയും വളാഞ്ചേരി മുനിസിപ്പാലിറ്റിയിൽ കൂടിയും കടന്നുപോകുന്ന പുഞ്ചപ്പാടം തോട് നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഇടയുകര കനാൽ നവീകരണം

6270 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ജലസേചന പദ്ധതിയുടെ ഭാഗമായുള്ള ഇടതുകര കനാൽ നവീകരിക്കുന്നതിനും ചോർച്ച തടയുന്നതിനുമായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) പ്രസ്തുത കനാലിന്റെ നവീകരണത്തിനാവശ്യമായ തുക അനുവദിക്കുമോ; കനാലിന്റെ വിവിധ ഭാഗങ്ങളിലെ നവീകരണ പ്രവർത്തനങ്ങൾക്കുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോയെന്നും അതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും അറിയിക്കാമോ?

## <u>വാഴാനി ഡാമിലെ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി</u>

6271 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴാനി ഡാമിൽ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; അവയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) വാഴാനി അണക്കെട്ടിൽ സീസ്മോഗ്രാഫ് സ്റ്റേഷനുവേണ്ടി കെട്ടിടം നിർമ്മിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത കെട്ടിടത്തിൽ സീസ്മോഗ്രാഫ് സ്ഥാപിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് അടിയന്തരമായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

## <u>കാഞ്ഞിരപ്പുഴ ഡാമിലെയും പുഴയിലെയും എക്കലും മണ്ണും മാറ്റുന്നതിനുള്ള നടപടികൾ</u>

6272 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പുഴ ഡാമിലും പുഴയിലും എക്കലും മണ്ണും അടിഞ്ഞ് ജലസംഭരണ ശേഷിയും ജലവാഹക ശേഷിയും കുറയുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ നീക്കം ചെയ്ത് ജല സംഭരണ-വാഹക ശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## <u>ചാലിയാർ അണക്കെട്ട്</u>

6273 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ചാലിയാർ അണക്കെട്ട് ഏതു ഭാഗത്താണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും എന്ത് ആവശ്യത്തിനാണ് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രാഥമിക പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

## <u>ഡാമുകളുടെ സംഭരണശേഷി വർധിപ്പിക്കാൻ നടപടി യിൽ</u>

6274 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഡാമുകൾ ഏതൊക്കെയാണെന്ന അവയുടെ നിർമ്മാണ വർഷം, ഇവയുടെ സംഭരണ ശേഷി എന്നിവ സംബന്ധിച്ച വിവരം ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) നീരൊഴുക്കിനെ തുടർന്ന് ഡാമുകളിൽ വർഷങ്ങളായി അടിഞ്ഞിട്ടുള്ള എക്കലും, ചെളിയും മൂലം ഡാമുകളുടെ സംഭരണശേഷിയിൽ വന്നിട്ടുള്ള കുറവ് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ മഴ സീസൺ കഴിയുമ്പോൾ സംസ്ഥാനത്തെ മുഴുവൻ ഡാമുകളിലേയും ചെളിയും എക്കലും നീക്കം ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## ഡാമുകളിലെ മണൽ നീക്കം ചെയ്യാൻ നടപടി

6275 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞു കിടക്കുന്ന മണൽ നീക്കം ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ നീക്കം ചെയ്യുന്ന മണൽ പൊതുജനങ്ങളുടെ ആവശ്യങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ?

## വാമനപുരം നദിയിലെ തടയണ നിർമ്മാണം

6276 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ കാരേറ്റ് പാലത്തിന് സമീപം വാമനപുരം ആറിന് കുറുകെ തടയണ നിർമ്മിക്കുന്നതിന് നിലവിൽ നേരിടുന്ന കാലതാമസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് പരിഗണനയിലുള്ളത്; വിശദമാക്കാമോ?

## തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

6277 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഒന്നാംഘട്ടം നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കിയിട്ടും പദ്ധതികൊണ്ട് ലക്ഷ്യം കണ്ട മുഴുവൻ പ്രദേശങ്ങളിലും വെള്ളം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതിയിൽ വിഭാവനം ചെയ്ത തരത്തിൽ അളഗപ്പനഗർ, പുതുക്കാട്, നെൻമണിക്കര, വരന്തരപ്പിള്ളി എന്നീ പഞ്ചായത്തുകളിലെ കൃഷി സ്ഥലങ്ങളിൽക്കൂടി വെള്ളം എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്ന തരത്തിൽ ആവശ്യമായ തുടർപ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദമാക്കാമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ തലപ്ര തോടിന്റെ സംരക്ഷണഭിത്തി നിർമ്മാണം**

6278 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിലെ തലപ്ര തോടിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി കോട്ടയം ഇറിഗേഷൻ ഡിവിഷന് കീഴിൽ, ഇ.എസ്.റ്റി. 2021/3740/ഐ.എ. നമ്പർ എസ്റ്റിമേറ്റ് പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

**കുട്ടനാട്ടിലെ കല്ലുകെട്ട് പൂർത്തിയാക്കാത്ത പാടശേഖരങ്ങൾ**

6279 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ കല്ലുകെട്ട് പൂർത്തീകരിക്കാത്ത പാടശേഖരങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പാടശേഖരങ്ങളുടെ പുറം ബണ്ടുകൾ കല്ലുകെട്ടി സംരക്ഷിക്കുന്ന പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**ഇടകൊച്ചി, പെരുമ്പടപ്പ് പ്രദേശങ്ങളിലെ കായൽഭിത്തി നിർമ്മാണം**

6280 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഇടകൊച്ചി, പെരുമ്പടപ്പ് പ്രദേശങ്ങളിൽ കായൽഭിത്തി കെട്ടുന്നതിനും എക്കൽ നീക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ ഭരണാനുമതിയാണ് പുറപ്പെടുവിച്ചിരിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി അനിശ്ചിതമായി നീണ്ടുപോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) ഈ പദ്ധതി നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പ്രായോഗിക നടപടികൾ വിശദമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ തീരദേശമേഖലയിലെ കടലാക്രമണം

6281 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ തീരദേശമേഖലയിൽ 2022 മുതൽ നാളിതുവരെ ഉണ്ടായിട്ടുള്ള രൂക്ഷമായ കടലാക്രമണം മൂലമുണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത മേഖലയിൽ കടലാക്രമണം തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ആനങ്ങാടി കടൽസുരക്ഷാഭിത്തി നിർമ്മാണം

6282 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് പഞ്ചായത്തിലെ ആനങ്ങാടി ബീച്ചിൽ കടൽ ഭിത്തി നിർമ്മിക്കുന്നതിന് ലഭിച്ച ഭരണാനുമതിയിന്മേൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കടൽസുരക്ഷാഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## കുന്നംകുളം മണ്ഡലത്തിലെ ആർ.സി.ബി. നിർമ്മാണ പദ്ധതികളുടെ പുരോഗതി

6283 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ കീഴ്ത്തണ്ടിലം, മുട്ടിക്കൽ ആർ.സി.ബി. നിർമ്മാണ പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കിഫ്ബിയുടെ അംഗീകാരം എന്നത്തേക്ക് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും നിർമ്മാണപ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നതെന്നും വ്യക്തമാക്കാമോ?

## മോന്താലിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ നടപടി

6284 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിലെ മോന്താലിൽ മാഹി പുഴയിൽ നിന്നും ഉപ്പുവെള്ളം കയറുന്നത് മൂലം പ്രദേശത്തെ കൃഷി വ്യാപകമായി നശിക്കുന്നതും കർഷകർ ദുരിതത്തിൽ ആയിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ റെഗുലേറ്റർ നിർമ്മിക്കാതെ പുഴയുടെ ആഴം വർദ്ധിപ്പിച്ചതിനാൽ മാഹി അഴിമുഖത്ത് നിന്നും കടൽ വെള്ളം പുഴയിലേക്ക് കയറുന്നതു മൂലം കിണറുകളിലെ കുടിവെള്ളം മലിനമായത് പരിശോധിക്കുകയുണ്ടായോ;

(സി) മോന്താലിൽ ഉപ്പുവെള്ളം കയറി നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് തടയുന്നതിനായി സ്വീകരിക്കാൻ കഴിയുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) ഇതിനായി ആകെ എത്ര തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഇ) പ്രദേശവാസികളുടെ കുടിവെള്ളത്തെയും കൃഷിയിടങ്ങളെയും ഗുരുതരമായി ബാധിക്കുന്ന പ്രശ്നത്തിന് പരിഹാരമെന്ന നിലക്ക് അടിയന്തരമായി ഫണ്ട് അനുവദിച്ച് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>പറളിപ്പാടം വി.സി.ബി.കം ബ്രിഡ്ജ് നിർമ്മാണം</u>

6285 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിലെ കാട്ടിപ്പരുത്തിയിൽ പറളിപ്പാടം വി.സി.ബി.കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തിയ്ക്ക് (എം.ഐ ക്ലാസ് I , 4702-00-101-99-01) ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കി നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>പുതുക്കാട് മണ്ഡലത്തിലെ റെഗുലേറ്ററുകളുടെ പരിപാലനം</u>

6286 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള കുറുമാലി പുഴയിലെ മാഞ്ഞാംകുഴി റെഗുലേറ്റർ, മണലിപ്പുഴയിലെ ഓടഞ്ചിറ, തൃക്കൂർ റെഗുലേറ്ററുകൾ എന്നിവയുടെ നവീകരണത്തിനും കൂടുതൽ കാര്യക്ഷമമായ പ്രവർത്തനത്തിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) മാഞ്ഞാംകുഴി ഇറിഗേഷൻ ഓഫീസിന്റെ കീഴിൽ അഞ്ച് വർക്കർമാരുടെ സേവനം ലഭ്യമായിരുന്ന സ്ഥാനത്ത് ഇന്ന് ഒരാളുടെപോലും സേവനം ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഓഫീസിന് കീഴിൽ വാച്ച്മാൻമാരുടെയും വർക്കർമാരുടെയും സേവനം തുടർന്നും ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## <u>പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം</u>

6287 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി, പേരാമ്പ്ര എന്നീ നിയോജക മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണപ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും അത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിലൂടെ ലഭിക്കുന്ന പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## തൊണ്ടിമ്മൽ കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്

6288 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട തൊണ്ടിമ്മൽ കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പദ്ധതി സംബന്ധിച്ച പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കാസർഗോഡ് ജില്ലയിൽ വിവിധ നദികൾക്ക് കുറുകെ തടയണ നിർമ്മാണം

6289 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ നദികൾക്ക് കുറുകെ തടയണ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികളിൽ എത്രയെണ്ണം ഇൻവെസ്റ്റിഗേഷൻ സ്റ്റേജിലുണ്ട്; വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും ഇൻവെസ്റ്റിഗേഷനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഓരോ പ്രവൃത്തിയും ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## വാമനപുരം മണ്ഡലത്തിലെ മേജർ, മൈനർ ഇറിഗേഷൻ പദ്ധതികൾ

6290 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ മേജർ, മൈനർ ഇറിഗേഷൻ മുഖേന വാമനപുരം മണ്ഡലത്തിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തികൾക്കുവേണ്ടി ചെലവാക്കിയ തുക എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പുതിയതായി ഏതെല്ലാം പദ്ധതികളാണ് ഈ മണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## എരഞ്ഞിപ്പറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

6291 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എരഞ്ഞിപ്പറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി കരാറിൽ ഏർപ്പെട്ടത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്നും പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പ് പദ്ധതികൾ

6292 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം നാളിതുവരെ ഒറ്റപ്പാലം മണ്ഡലത്തിൽ നടപ്പാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാമാണ്; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## വടകര ആർ.ഡി.ഒ. ഓഫീസ് കെട്ടിടനിർമ്മാണത്തിനുള്ള ഭൂമി കൈമാറ്റം

6293 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര ആർ.ഡി.ഒ. ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പുതുപ്പണത്ത് ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 15.02.2021-ന് തറക്കല്ലിട്ട് ഉദ്ഘാടനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്നത്തെ റവന്യൂ മന്ത്രി, എക്സൈസും തൊഴിലും വകുപ്പ് മന്ത്രി, ഗതാഗത വകുപ്പ് മന്ത്രി എന്നിവരുടെയും വടകര എം.പി. യുടെയും കോഴിക്കോട് ജില്ലയിൽ നിന്നുമുള്ള അഞ്ച് എം.എൽ.എ. മാരുടെയും സാന്നിധ്യത്തിൽ മുഖ്യമന്ത്രിയാണ് പ്രസ്തുത ഓഫീസിന്റെ തറക്കല്ലിടൽ നടത്തിയത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്കായി പണം അനുവദിച്ച് ഭരണാനുമതി ലഭിച്ചുവെങ്കിലും ജലസേചന വകുപ്പിൽനിന്നും ഭൂമി കൈമാറി ലഭിച്ചിട്ടില്ല എന്ന ഒറ്റ കാരണത്താൽ മാത്രം അത് നടപ്പിലാക്കാനാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വടകര പുതുപ്പണത്ത് ജലസേചന വകുപ്പിന്റെ കൈവശമുള്ളതും വർഷങ്ങളായി ഉപയോഗിക്കാത്തതുമായ 650 സെന്റോളം വരുന്ന ഭൂമിയിൽനിന്നും 25 സെന്റ് ഭൂമി മാത്രമാണ് ആർ.ഡി.ഒ. ഓഫീസ് നിർമ്മാണത്തിനായി ആവശ്യപ്പെട്ടിരിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ആർ.ഡി.ഒ. ഓഫീസ് കെട്ടിടനിർമ്മാണത്തിന് ആവശ്യമായ ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

## കുട്ടനാട്ടിലെ വെള്ളപ്പൊക്കം നിയന്ത്രിക്കാൻ നടപടി

6294 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക കെടുതികൾ കൂടുതൽ നേരിടുന്ന കുട്ടനാടൻ ജനതയ്ക്ക് ആശ്വാസമെന്ന നിലക്ക് വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ

സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) അച്ചൻകോവിൽ, പമ്പ, മണിമല തുടങ്ങിയ ആറുകളിൽ നിന്നും കുട്ടനാട്ടിലേക്ക് എത്തിച്ചേരുന്ന വെള്ളം തണ്ണീർമുക്കം ബണ്ടിലൂടെയും തോട്ടപ്പള്ളി സ്പിൽവേയിലൂടെയും സുഗമമായി ഒഴുകി പോകുന്നതിനായി കായൽ ആഴം കൂട്ടുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

## മീനച്ചിലാറിൽ റെഗുലേറ്റർ കം ബ്രിഡ്ജ്

6295 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട ടൗണിൽ മീനച്ചിലാറിന് കുറുകെ വടക്കേക്കര ഭാഗത്ത് നിലവിലുള്ള ചെക്ക് ഡാമിന്റെ സ്ഥാനത്ത് ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

## ആലത്തൂരിലെ മംഗലം ഡാം കുടിവെള്ള പദ്ധതി

6296 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കിലെ മംഗലം ഡാം കുടിവെള്ള പദ്ധതിയുടെ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കുവാൻ ശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## അങ്കമാലി മണ്ഡലത്തിലെ ജലസേചന പദ്ധതികൾ

6297 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികൾ മുടങ്ങുവാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ ചെലവ് കണക്കാക്കിയിരിക്കുന്നത് എത്രയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ മേജർ, മൈനർ ഇറിഗേഷൻ ഡിവിഷനുകൾ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം തുക അനുവദിച്ച് 2016-17 മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) എസ്റ്റിമേറ്റ് ലഭ്യമായതിൽ ഇനി ഭരണാനുമതി നൽകേണ്ട പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ഇ) 2024-25 ൽ ഇറിഗേഷൻ വകുപ്പിന്റെ പ്ലാൻ, നോൺപ്ലാൻ ഇനങ്ങളിൽ എത്ര തുക വീതമാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) 2024-25 ൽ എസ്റ്റിമേറ്റ് ലഭ്യമായ അങ്കമാലി മണ്ഡലത്തിലെ മേജർ, മൈനർ ഇറിഗേഷൻ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

**ജലവിഭവ വകുപ്പിനെ പുനഃസംഘടിപ്പിക്കാൻ പദ്ധതികൾ**

6298 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിനെ നദീതടാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പുരോഗതി അറിയിക്കുമോ;

(ബി) പുഴകളെ തന്നെ ജലസംഭരണികളാക്കി മാറ്റുന്നത് പ്രായോഗികമാണോ എന്നത് സംബന്ധിച്ച് എന്തെങ്കിലും ശാസ്ത്രീയ പഠനങ്ങൾ നടന്നിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ ഇത്തരം പഠനങ്ങളുടെ അടിസ്ഥാനത്തിൽ ചെക്ക് ഡാമുകളുടെയും റഗുലേറ്ററുകളുടെയും ശൃംഖലകൾ പണിയുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ?

**ചാത്തന്നൂർ മണ്ഡലത്തിലെ മേജർ ഇറിഗേഷൻ വിഭാഗത്തിന്റെ പ്രവൃത്തികൾ**

6299 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ മേജർ ഇറിഗേഷൻ വിഭാഗത്തിന്റെ ചുമതലയിൽ പരവൂർ കായലിലെ മൺകൂനകൾ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തിയുടെയും പരവൂർ - പൊഴിക്കര ബീച്ച് നവീകരണത്തിന്റെയും നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പരവൂർ ചില്ലക്കൽ കടൽത്തീരം സംരക്ഷിക്കുന്നതിനായുള്ള 78 ലക്ഷം രൂപയുടെ പ്രവൃത്തി നടപ്പിലാക്കാൻ വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടോയെന്നും നിലവിലെ സ്ഥിതി എന്താണെന്നും പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

**പത്തുപറ ഏലായിലെ ജലക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ**

6300 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വിളക്കുവട്ടം പത്തുപറ ഏലായിലെ കൃഷിഭൂമികളിൽ വേനൽക്കാലത്ത് വലിയ തോതിലുള്ള ജലക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പത്തുപറയ്ക്ക് സമീപമുള്ള അംബിക്കോണം വഴി കടന്നുപോകുന്ന കല്ലട ജലസേചന പദ്ധതിയുടെ ഉപകനാലിൽനിന്നും 300 മീറ്റർ നീളത്തിൽ ഒരു ചാൽ നിർമ്മിച്ച് പത്തുപറ ഏലായിൽ ജലസേചന സൗകര്യം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി</u>

6301 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ കൊച്ചി അഴിമുഖത്ത് നിന്ന് ആരംഭിച്ച് മാലിപ്പുറം ബന്ധർ കനാൽ വരെയുള്ള ആർ.എം.പി. തോടിന്റെ പാർശ്വഭിത്തി സംരക്ഷണത്തിനും ആഴം വർദ്ധിപ്പിക്കുന്നതിനുമായി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള 19.50 കോടി രൂപയുടെ പദ്ധതിക്ക് എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) കൊച്ചി അഴിമുഖത്തോട് ചേർന്ന് കിടക്കുന്ന പ്രസ്തുത തോടിന്റെ വിനോദസഞ്ചാര സാധ്യത കണക്കിലെടുത്ത് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഇറിഗേഷൻ വകുപ്പ് സമർപ്പിച്ചിട്ടുള്ള 19.50 കോടി രൂപയുടെ ഡി.പി.ആർ.ന് അടിയന്തര അനുമതി ലഭ്യമാക്കാനും പഞ്ചായത്ത്, ടൂറിസം, കൊച്ചിൻ പോർട്ട് അധികൃതരുടെ യോഗം വിളിച്ചു ചേർക്കാനും നടപടി സ്വീകരിക്കുമോ?

## <u>മേപ്പാടം മുതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

6302 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് തോട്ടുമൊക്ക്-മേപ്പാടം-മുതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## <u>പുതിയ ഇറിഗേഷൻ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ്</u>

6303 **ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ ഇലക്ട്രിക്കൽ വിംഗിന് പ്രൈസ് - 3 സോഫ്റ്റ് വെയർ മുഖാന്തിരം മേൽ ഓഫീസിലേക്ക് നിലവിൽ എസ്റ്റിമേറ്റുകൾ സമർപ്പിക്കാൻ സാധിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുമൂലം ഈ വർഷം ഇറിഗേഷൻ പമ്പ് ഹൗസുകളിൽ കൃഷിക്കായുള്ള പമ്പിംഗിലുണ്ടാകുന്ന കാലതാമസം നേരിടുന്നതിനായി പകരം സംവിധാനങ്ങൾ ഏർപ്പെടുത്തിയിരുന്നോ; വ്യക്തമാക്കാമോ;

(സി) മലപ്പുറം ജില്ലയിലെ ഇറിഗേഷൻ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ കാലതാമസം ഒഴിവാക്കുന്നതിനായി ജില്ലയിൽ പുതുതായി ഇറിഗേഷൻ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് അനുവദിക്കാൻ സങ്കേതിക തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ;

(ഡി) നിലവിൽ തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകൾക്കായി ചാലക്കുടിയിൽ ഒരു സബ്ഡിവിഷനാണുള്ളതെന്നതിനാൽ മലപ്പുറം കേന്ദ്രമായി പുതുതായി ഇറിഗേഷൻ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് അനുവദിക്കാമോ; വിശദമാക്കാമോ?

**ദുർബല കടൽത്തീര മേഖലകൾ**

6304 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദുർബല മേഖലയായി കണക്കാക്കിയിട്ടുള്ള കടൽത്തീരങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ കടലാക്രമണങ്ങൾ തടയുന്നതിന് നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഈ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക എത്രയാണെന്നും ഇതിൽ സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ വിഹിതം എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) കാസർകോട് കാവുഗോളി ചേരങ്കൈ കടപ്പുറം ദുർബല മേഖലയാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇവിടെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഇ) കാവുഗോളി ചേരങ്കൈ കടപ്പുറത്ത് ഇത്തവണ രൂക്ഷമായ കടലാക്രമണത്തെ തുടർന്ന് റോഡ് തകർന്നതും വീടുകൾ അപകടാവസ്ഥയിലായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**കുറ്റ്യാടി മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം**

6305 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിന് കീഴിൽ കുറ്റ്യാടി മണ്ഡലത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങൾ വാടകയ്ക്ക് നൽകുകയോ മറ്റ് രീതികളിൽ ഉപയോഗിച്ചോ വരുമാനമുണ്ടാക്കാനുള്ള പദ്ധതികളുണ്ടോ; വിശദമാക്കാമോ;

(സി) കുറ്റ്യാടി ഇറിഗേഷൻ കനാലുകൾ വീതി കൂട്ടുന്നത് പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഉപയോഗിക്കാതെ കിടക്കുന്ന പ്രസ്തുത സ്ഥലങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**അനധികൃത ബോട്ട് സർവീസുകൾ തടയാൻ നടപടി**

6306 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയാർ പുഴയിൽ അനധികൃതമായി സർവീസ് നടത്തുന്ന ബോട്ടുകൾ/ ടൂറിസത്തിന് ഉപയോഗിക്കുന്ന വിവിധ ജലയാനങ്ങൾ എന്നിവ നിയമപരമായ മാർഗ്ഗത്തിലൂടെ മാത്രമെ സർവീസ് നടത്താവൂ എന്ന് ഉറപ്പ് വരുത്താൻ ജലവിഭവ വകുപ്പിന് സാധിക്കുമോ; വ്യക്തമാക്കാമോ;

(ബി) അനധികൃത സർവീസുകൾ മൂലം ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് ഇത്തരം സർവീസുകൾ തടയാൻ ജലവിഭവ വകുപ്പിന്റെ സഹായം കൂടി ആവശ്യമാണെന്ന പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുഴയിൽ സർവീസ് നടത്തുന്ന ഇത്തരം ബോട്ടുകൾ തടയുന്നതിനോ നിയമനടപടിക്ക് വിധേയമാക്കുന്നതിനോ നടപടി സ്വീകരിക്കുമോ?

**<u>ഒറ്റപ്പാലം മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പ് സ്ഥലങ്ങൾ</u>**

6307 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിനു കീഴിൽ ഏതെല്ലാം സ്ഥലങ്ങളിൽ ഭൂമിയുണ്ടെന്ന് വിസ്തീർണ്ണം സഹിതം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമികളിൽ ഏതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

**<u>പൂച്ചേരി തോട് കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി</u>**

6308 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി സെന്ററിന് വടക്കുഭാഗത്ത്, വ്യാപാരിഭവന് സമീപത്തുകൂടി കടന്നുപോകുന്ന പൂച്ചേരി തോട് നിലവിൽ വളരെ വീതി കുറഞ്ഞ അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഴ പെയ്താൽ പാവറട്ടി സെന്ററിൽ കടകളിലടക്കം വെള്ളം കയറുന്ന സാഹചര്യത്തിൽ പ്രസ്തുത തോട് അളന്ന് തിട്ടപ്പെടുത്തി കയ്യേറ്റക്കാരെ ഒഴിപ്പിച്ച് തോട് പൂർവ്വ സ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

**<u>നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കുന്നതിന് നടപടി</u>**

6309 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന് സമീപം ചെമ്പറക്കി കാക്കനാട് റോഡിൽ നടക്കാവിൽ പെരിയാർ വാലിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് എം.എൽ.എ. യുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക അനുവദിച്ച് ഓപ്പൺ ജിംനേഷ്യം, മിനി മാസ്റ്റ് ലൈറ്റ് എന്നിവ സ്ഥാപിക്കുന്നതിന് സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കുന്നതിന് അടിയന്തര നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ?

**<u>കിണർ റീചാർജിംഗ്</u>**

6310 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലനിരപ്പ് വർദ്ധിപ്പിക്കാൻ കിണർ റീചാർജിലൂടെ സാധിക്കുമെന്നതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച് സംസ്ഥാന വ്യാപകമായി കിണർ റീചാർജിംഗ് പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## ഭൂഗർഭ ജലത്തിന്റെ അമിത ചൂഷണം

6311 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭജലം അമിതമായ രീതിയിൽ ചൂഷണം ചെയ്യുന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കുഴൽ കിണർ കുഴിക്കുന്നതിന് നിലവിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കുഴൽ കിണർ കുഴിക്കുന്ന യന്ത്രങ്ങൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) അനധികൃതമായ കുഴൽ കിണർ നിർമ്മാണം നടത്തുന്നത് നിയന്ത്രിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## കുപ്പിവെള്ള വിതരണം

6312 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹില്ലി അക്വാ കുപ്പിവെള്ളം വടകര താലൂക്കിൽ വിതരണം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇതിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്നറിയിക്കാമോ; വിശദമാക്കാമോ?

## നോൺ-റവന്യൂ വാട്ടർ

6313 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ശുദ്ധജല വിതരണ രംഗത്തെ നോൺ-റവന്യൂ വാട്ടർ സംബന്ധിച്ച് ഔദ്യോഗിക പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## കുടിവെള്ള പരിശോധനാ സംവിധാനങ്ങൾ

6314 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് വഴിയുള്ള കുടിവെള്ള പരിശോധനയുടെ നടപടിക്രമങ്ങളും അതിനുള്ള നിരക്കുകളും വിശദമാക്കുമോ;

(ബി) ജലവിഭവ വകുപ്പിന്റെ അധീനതയിൽ കുടിവെള്ള പരിശോധനാ സംവിധാനമുള്ള മൊബൈൽ ലാബ് യൂണിറ്റുകൾ ഉണ്ടോ; എങ്കിൽ അവയുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ;

(സി) കുടിവെള്ളത്തിൽ കൂടിയുള്ള പകർച്ചവ്യാധി വ്യാപനം തടയുന്നതിനായി ജലവിഭവ വകുപ്പിന്റെ മൊബൈൽ ലാബുകൾ ജനോപകാരപ്രദമായ രീതിയിൽ അനുവദിക്കുന്നതിന് മുൻകൈ എടുക്കുമോ; വിശദമാക്കുമോ?

## റീസ്റ്റോറേഷൻ തുക അടക്കുന്നതിന് നടപടി

6315 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി റീസ്റ്റോറേഷൻ തുക അടക്കാത്തത് മൂലം കോങ്ങാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കുണ്ടുവംപാടം - വടശേരി റോഡിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ റീസ്റ്റോറേഷൻ തുക അടക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ അമൃത് പദ്ധതി

6316 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭ പ്രദേശത്ത് വാട്ടർ അതോറിറ്റി വിഭാഗം അമൃത് പദ്ധതി പ്രകാരം ഏതൊക്കെ പ്രവർത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്ത് അമൃത് പദ്ധതിയ്ക്ക് എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് പൂർത്തീകരിച്ചു നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കൊച്ചി കുടിവെള്ള വിതരണ പദ്ധതിയുടെ നടത്തിപ്പു -കൺസൾട്ടൻസി കരാറുകൾ

6317 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.ബി. വായ്പ ഉപയോഗിച്ച് കൊച്ചി നഗരത്തിൽ നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതിയുടെ നടത്തിപ്പു കരാറും കൺസൾട്ടൻസി കരാറും ഒരേ

മാനേജ്മെന്റിന്റെ കീഴിലുള്ള സ്ഥാപനങ്ങളാണ് ഏറ്റെടുത്തിരിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ നടത്തിപ്പ് കരാറും കൺസൾട്ടൻസി കരാറും ഒരേ മാനേജ്മെന്റിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ നേടുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ മേൽനോട്ടവും ബില്ലുകൾ തയ്യാറാക്കുന്നത് ഉൾപ്പെടെയുള്ള സുപ്രധാന ജോലികളും കൺസൾട്ടൻസിക്ക് കൈമാറിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

## മഞ്ചേരി നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതി

6318 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ മഞ്ചേരി നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതികളുടെയും കുടിവെള്ള പദ്ധതികളുടെയും പ്രവർത്തനം വേഗത്തിൽ പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

## നാദാപുരം മണ്ഡലത്തിലെ ജലജീവൻ പദ്ധതി

6319 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതിക്കായി ഓരോ പഞ്ചായത്തിലും എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്നും നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പൈപ്പ് ഇടാൻ ഗ്രാമീണ റോഡുകൾ കുഴിക്കുകയും പൂർവസ്ഥിതിയിലാക്കാൻ കാലതാമസം എടുക്കുന്നതു മൂലം റോഡുകൾ തകരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## ജലജീവൻ പദ്ധതിയിലെ കരാറുകാർ

6320 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതിയുടെ ഭാഗമായി എത്ര കരാറുകാരാണ് പ്രവർത്തിക്കുന്നത്; കുടിശിക ലഭിക്കാത്തതിനാൽ എത്ര കരാറുകാർ നിലവിൽ പ്രവർത്തനം നിർത്തിവച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## കോട്ടക്കൽ മണ്ഡലത്തിലെ അമൃത് പദ്ധതി

6321 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ നഗരസഭ, വളാഞ്ചേരി നഗരസഭ എന്നിവിടങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അമൃത് പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത നഗരസഭകളിൽ അമൃത് പദ്ധതി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ പ്രൊപ്പോസലുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## കൊച്ചി ജലവിതരണ പദ്ധതിയുടെ കൺസൾട്ടൻസി കരാർ

6322 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.ബി. വായ്പ ഉപയോഗിച്ച് കൊച്ചി നഗരത്തിൽ നടപ്പിലാക്കുന്ന ജലവിതരണ പദ്ധതിയുടെ കൺസൾട്ടൻസി കരാർ ഏത് സ്ഥാപനത്തിനാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കൺസൾട്ടൻസി സ്ഥാപനത്തിന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ കരാറും കൺസൾട്ടൻസി കരാറും ഒരേ മാനേജ്മെന്റിന്റെ കീഴിലുള്ള സ്ഥാപനങ്ങളാണ് നേടിയിട്ടുള്ളതെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ?

## കണ്ണമ്പ്ര കുടിവെള്ള പദ്ധതി

6323 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ 2016-17 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും 20 കോടി രൂപ അനുവദിച്ച വണ്ടാഴി-കിഴക്കഞ്ചേരി- കണ്ണമ്പ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

## ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ജലജീവൻ മിഷൻ

6324 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ വിശാദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

## കാഞ്ഞൂർ പഞ്ചായത്തിലെ കുടിവെള്ള സംഭരണി

6325 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജകമണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിൽ ജലജീവൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള സംഭരണി നിർമ്മിക്കുന്നതിനായി സ്ഥലം

സൗജന്യമായി ലഭിച്ചിട്ടുണ്ടോയെന്ന വ്യക്തമാക്കാമോ; എങ്കിൽ എത്ര സെന്റ് സ്ഥലമാണ് ഇപ്രകാരം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ എത്ര ശേഷിയുള്ള കുടിവെള്ള സംഭരണിയാണ് നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ജലസംഭരണി നിർമ്മിക്കാനുള്ള പ്രസ്തുത പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) നിർദ്ദിഷ്ട കുടിവെള്ള സംഭരണി നിർമ്മിക്കേണ്ട സ്ഥലത്തേക്ക് പൊതുവഴിയുണ്ടോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ വഴിയുണ്ടാക്കാനുള്ള നീക്കം ജലവിഭവ വകുപ്പ് നടത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

## ജലജീവൻ പദ്ധതി

6326 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; പദ്ധതിയുടെ പൂർത്തീകരണത്തിന് പ്രസ്തുത തുക പര്യാപ്തമാകുമോ; വ്യക്തമാക്കുമോ;

(ബി) 2024 മാർച്ച് 15 ന ശേഷം ക്ഷണിക്കുന്ന ടെണ്ടറുകൾ പദ്ധതിയിൽ ഉൾപ്പെടുത്തുകയില്ല എന്ന് കേന്ദ്ര സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ; പ്രസ്തുത തീയതിക്ക് ശേഷം ടെൻഡർ നടത്തിയ പദ്ധതികൾ ഏത് രീതിയിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; മേൽപ്പറഞ്ഞ സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## പെരുവണ്ണാമൂഴി കുപ്പിവെള്ള പദ്ധതി

6327 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴിയിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച കുപ്പിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

## കോങ്ങാട് നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതി

6328 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതി മുഖേന കോങ്ങാട് നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ എത്ര ഗാർഹിക കണക്ഷനുകൾ നല്കാനുണ്ടെന്നും ആയതിലേക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള പുരോഗതി അറിയിക്കാമോ;

(സി) മണ്ഡലത്തിലെ ജലജീവൻ പദ്ധതി സമ്പൂർണമായി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ്

സ്വീകരിച്ചിട്ടുള്ളതെന്നും പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

## വിവിധ കുടിവെള്ള പദ്ധതികൾ

6329 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ഏതെല്ലാം കുടിവെള്ള പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും ഇവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കുമോ;

(ബി) ആലുവയിൽ പുതിയതായി ജലശുചീകരണശാല നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ പദ്ധതി നടപ്പിലായിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി എ.ഡി.ബി. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് ഇരട്ടിപ്പിന് കാരണമാകില്ലേയെന്ന് വിശദമാക്കുമോ?

## ചാലക്കുടിയിലെ ജലജിവൻ മിഷന്റെ പ്രവർത്തനങ്ങൾ

6330 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിൽ ജലജീവൻ മിഷന്റെ പ്രവർത്തനങ്ങളിലെ കാലതാമസം ഗൗരവമായി കാണുമോയെന്നും അതിനുള്ള പരിഹാരം കണ്ടെത്തുമോയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ജലജീവൻ പദ്ധതി നാളിതുവരെ എത്ര ശതമാനം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) മണ്ഡലത്തിലെ പലയിടങ്ങളിലും പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി മാസങ്ങളായി നിലച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതിന് വെട്ടിപ്പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തി മന്ദഗതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(ഇ) നിലവിൽ പൈപ്പുകൾ സ്ഥാപിച്ചുകഴിഞ്ഞ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ?

## ആലപ്പുഴ മണ്ഡലത്തിലെ ജലസംരക്ഷണ നടപടികൾ

6331 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ ജലസ്രോതസ്സുകൾ മെച്ചപ്പെടുത്തേണ്ടതിന്റെയും ജലസംരക്ഷണ നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതിന്റെയും ആവശ്യകത

സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കണ്ടെത്തൽ വിശദമാക്കാമോ;

(ബി) ഇതിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ആലപ്പുഴ ജില്ലയിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നദികളുടെയും ജലാശയങ്ങളുടെയും സ്വാഭാവിക ഒഴുക്ക് നിലനിർത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## തിരുവനന്തപുരം ജില്ലയിലെ ജലനിധി പദ്ധതി

6332 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ അനുവദിച്ച പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(ബി) ഇവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## താത്തൂർപോയിൽ കുടിവെള്ള പദ്ധതി

6333 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ താത്തൂർപോയിൽ കുടിവെള്ള പദ്ധതി ചെറുകിട ജലസേചന വകുപ്പിന് ഏൽപ്പിച്ചു നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇപ്രകാരം കൈമാറ്റത്തിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി ഏത് രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## എ.ഡി.ബി. സഹായത്തോടെയുള്ള ജലവിതരണ പദ്ധതികൾ

6334 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.ബി. സഹായത്തോടെ തിരുവനന്തപുരത്തും കൊച്ചിയിലും ആരംഭിക്കാനുദ്ദേശിക്കുന്ന ജലവിതരണ പദ്ധതികളുടെ കരാർ ഫ്രഞ്ച് കമ്പനിയെ ഏൽപ്പിക്കുന്നതുവഴി ഈ രംഗത്തെ സർക്കാരിന്റെ നിയന്ത്രണം നഷ്ടമാകുമെന്ന ആശങ്ക പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## ജലനിധി പദ്ധതി ക്രമക്കേടുകൾ

6335 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി ശുദ്ധജല പദ്ധതിയിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് പരിശോധന നടത്തിയത്; വിശദമാക്കാമോ;

(സി) വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം കണ്ടെത്തൽ നടത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് എന്തെല്ലാം നടപടികൾക്കാണ് ശിപാർശ ചെയ്തത്; വിശദമാക്കാമോ?

## ജലസേചന വകുപ്പിൽ കരിയർ അഡ്വാൻസ്മെന്റ് നൽകുന്നതിന് നടപടി

6336 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ ഇരുപതുവർഷത്തെ സേവനം പൂർത്തിയാക്കുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സൂപ്രണ്ടിങ് എഞ്ചിനീയർ (നോൺ കേഡർ) എന്ന നിലയിൽ കരിയർ അഡ്വാൻസ്മെന്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) ഇരുപത്തിയഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കുമ്പോൾ ചീഫ് എഞ്ചിനീയർ (നോൺ കേഡർ) എന്ന നിലയിൽ കരിയർ അഡ്വാൻസ്മെന്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കുടിവെള്ളം വിതരണം ചെയ്യുന്നതിൽ കൈവരിച്ച നേട്ടങ്ങൾ

6337 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് കുടിവെള്ളം ശുചീകരിച്ച് വിതരണം ചെയ്യുന്നതിൽ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ;

(ബി) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട എത്ര ഉപഭോക്താക്കൾക്ക് കേരള വാട്ടർ അതോറിറ്റി സൗജന്യമായി ജലവിതരണം നത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഈയിനത്തിൽ വാട്ടർ അതോറിറ്റിക്ക് ലഭിക്കേണ്ട വരുമാനത്തിൽ വന്നിട്ടുള്ള കുറവ് എത്രയാണെന്ന് അറിയിക്കുമോ; ഈ തുക വാട്ടർ അതോറിറ്റിക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കുടിവെള്ള വിതരണ പദ്ധതികളുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കൊച്ചിയിലെ ജലവിതരണ ശൃംഖലയുടെ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് കരാർ

6338 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.ഡി.ബി. വായ്പ സഹായത്തോടെ നടപ്പാക്കി വരുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റിൽ കൊച്ചിയിലെ ജലവിതരണ ശൃംഖലയുടെ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് കരാർ ഏൽപ്പിക്കാൻ വ്യവസ്ഥയുണ്ടോ;

(ബി) പ്രസ്തുത കരാറുകാർക്ക് ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് കരാർ കൈമാറുകയാണെങ്കിൽ നിലവിലുള്ള ജീവനക്കാരുടെ കാര്യത്തിൽ എന്തു തീരുമാനമായിരിക്കും കൈക്കൊള്ളുക എന്ന് അറിയിക്കുമോ?

**<u>ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഔദ്യോഗിക കാലാവധി</u>**

6339 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയിലൂടെ എത്ര കണക്ഷനുകൾ നൽകുവാൻ സാധിച്ചുവെന്ന് അറിയിക്കാമോ; പദ്ധതിയുടെ ആകെ അടങ്കൽ തുകയുടെ എത്ര ശതമാനം ചെലവഴിച്ചു; വിശദമാക്കുമോ?

**<u>ജൽജീവൻ മിഷൻ മാച്ചിങ് ഷെയർ</u>**

6340 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ പദ്ധതിയുടെ കാലാവധി പൂർത്തിയായ സാഹചര്യത്തിൽ ആയത് ദീർഘിപ്പിച്ച് പദ്ധതി പൂർത്തിയാക്കുന്നതിനായി മാച്ചിങ് ഷെയർ ഇനത്തിൽ എത്ര തുക സംസ്ഥാനം നൽകേണ്ടതുണ്ടെന്നും പ്രസ്തുത തുക ഏത് രീതിയിൽ കണ്ടെത്തുമെന്നും വ്യക്തമാക്കുമോ;

(ബി) മാച്ചിങ് ഷെയർ നൽകുന്നത് സംബന്ധിച്ച് സംസ്ഥാനം നിലപാട് വ്യക്തമാക്കാതെ പദ്ധതി മുന്നോട്ടു പോകില്ല എന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>തിരൂർ നിയോജകമണ്ഡലത്തിലെ വാട്ടർ കണക്ഷൻ</u>**

6341 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ കുടിവെള്ള കണക്ഷനുവേണ്ടി നിലവിൽ എത്ര അപേക്ഷകൾ ഉണ്ടെന്നുള്ള വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) നിലവിലെ അപേക്ഷകളിൽ വാട്ടർ കണക്ഷൻ നൽകുവാൻ സാധിക്കാത്ത അപേക്ഷകളുടെ എണ്ണം എത്രയാണെന്നും അതിന്റെ കാരണം എന്താണെന്നും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് അറിയിക്കാമോ;

(സി) തിരൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിലെ കിണറുകളിൽ വെള്ളത്തിൽ ഉപ്പിന്റെ അംശം ഉള്ളതിനാൽ വാട്ടർ കണക്ഷൻ ലഭ്യമാക്കണമെന്ന ആവശ്യം ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ വാർഡ് മെമ്പർമാരിൽ നിന്നോ സംഘടനകളിൽ നിന്നോ കൂട്ടായ്മകളിൽ നിന്നോ ജല അതോറിറ്റിക്ക് ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## <u>തിരൂരങ്ങാടി ഡബ്ല്യു.എസ്.എസ്. പ്രവൃത്തി</u>

6342 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലക്കയം കുടിവെള്ള പദ്ധതി എന്നറിയപ്പെടുന്ന തിരൂരങ്ങാടി ഡബ്ല്യു.എസ്.എസ്. ന്റെ പ്രവർത്തന പുരോഗതിയും നിർമ്മാണം സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ജലസ്രോതസ്സ് എവിടെ നിന്നാണെന്നും ഈ സ്രോതസ്സിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി തടയണ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി തടയണ നിർമ്മിക്കാത്തപക്ഷം ആവശ്യമായ ജലം, നിലവിലെ സാഹചര്യത്തിൽ ഇവിടെ നിന്നും ലഭിക്കുമോയെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

## <u>ജലജീവൻ പദ്ധതിയിൽ കരാറുകാർക്ക് നൽകേണ്ട കുടിശിക</u>

6343 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതിക്ക് വേണ്ടി കേരള വാട്ടർ അതോറിറ്റി നാളിതുവരെ എത്ര കോടി രൂപ കരാറുകാർക്ക് നൽകി; അതിൽ അതിൽ കേന്ദ്ര വിഹിതം എത്ര, സംസ്ഥാന വിഹിതം എത്ര, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും ഉപഭോക്തൃ വിഹിതവും എത്രയെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ;

(ബി) 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ജലജീവൻ മിഷൻ പദ്ധതിക്ക് വേണ്ടി എത്ര തുക വകയിരുത്തിയെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) 2024-25 വർഷത്തെ ബഡ്ജറ്റിൽ ജലജീവൻ മിഷൻ പദ്ധതിക്ക് വേണ്ടി എത്ര തുക വകയിരുത്തിയെന്നും അതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

## <u>ഇരിങ്ങാം ചിറ നവീകരണം</u>

6344 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ മഴുവന്നൂർ, കുന്നത്തുനാട് ഗ്രാമപഞ്ചായത്തുകളിലെ 14 വാർഡുകളിലുള്ള നാല്പതിനായിരത്തോളം ആളുകൾക്ക് കുടിവെള്ളമെത്തിക്കുന്നതും

ജലവിഭവ വകുപ്പിന്റെ തട്ടാമുകൾ പമ്പ് ഹൗസ് സ്ഥിതി ചെയ്യുന്നതുമായ ഇരിങ്ങാം ചിറയുടെ നവീകരണത്തിനായി തയ്യാറാക്കിയ പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>ഇരിണാവ് ഡാം പാലം പുതുക്കിപ്പണിയൽ</u>**

6345 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ആവശ്യത്തിനും ഉപ്പുവെള്ള പ്രതിരോധത്തിനുമായി മടക്കര പുഴയിൽ നിർമ്മിച്ച ഇരിണാവ് ഡാം പാലം കാലപ്പഴക്കത്താൽ തകർന്നു കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഡാം പാലം ഉപ്പുവെള്ള പ്രതിരോധത്തിന് മാത്രമായി പുതുക്കിപ്പണിയുന്നതിന് പഠനം നടത്തി നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**<u>ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിച്ചതിനെതിരെ സ്വീകരിച്ച നടപടി</u>**

6346 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം നാദാപുരം മണ്ഡലത്തിലെ ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിച്ചതിന്റെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും അറിയിക്കുമോ?

**<u>ജലാശയങ്ങൾ ശുചീകരിക്കുന്നതിനുള്ള സംവിധാനങ്ങൾ</u>**

6347 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളിലെ പോള മാറ്റി ശുചീകരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത പ്രവൃത്തികൾക്ക് ആവർത്തന ചെലവ് വരുന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) യന്ത്രവത്ക്കരണത്തിലൂടെയും നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചും ആവർത്തനച്ചെലവ് ഒഴിവാക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സാധ്യതാപഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>ജലജീവൻ മിഷന് ചെലവായ തുക</u>**

6348 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ പദ്ധതിക്കായി നാളിതുവരെ എന്തു തുക ചെലവാക്കിയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന എത്ര ഗ്രാമീണ വീടുകളിൽ കുടിവെള്ളം എത്തിച്ചുവെന്നും ഇനി എത്ര വീടുകളിൽ നൽകണമെന്നും വിശദമാക്കുമോ?

**ജലജീവൻ പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം**

6349 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തിൽ ജലജീവൻ മിഷന്റെ സംസ്ഥാന വിഹിതം എത്ര ഗഡുക്കൾ നൽകിയിട്ടുണ്ടെന്നും ഏതൊക്കെ മാസങ്ങളിൽ എത്ര തുക വീതമാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷം സംസ്ഥാന സർക്കാരിന്റെ വിഹിതം മൂന്നാമത്തെ ഗഡു നൽകുവാൻ മാർച്ച് മാസം വരെ കാലതാമസം ഉണ്ടായതിനാൽ കേന്ദ്രസർക്കാരിൽ നിന്നുള്ള മൂന്ന്, നാല് ഗഡുക്കൾ നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് സംസ്ഥാന വിഹിതം ഉൾപ്പെടെ ലാപ്സ് ആയത്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ രീതിയിൽ കേന്ദ്ര വിഹിതം നഷ്ടപ്പെട്ടതിനാൽ കരാറുകാർക്ക് നൽകാനുള്ള കുടിശിക ഭീമമായി വർദ്ധിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടിയാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ?

**ജലജീവൻ മിഷൻ പദ്ധതി കാലാവധി ദീർഘിപ്പിക്കുന്നതിന് നടപടി**

6350 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ പദ്ധതിയിൽ നാളിതുവരെ ആകെ എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ; കേന്ദ്ര/സംസ്ഥാന വിഹിതങ്ങൾ ആകെ അടങ്കൽ തുകയുടെ എത്ര ശതമാനമാണ്; വിശദമാക്കാമോ;

(ബി) സംസ്ഥാനം നൽകേണ്ട 50% വിഹിതത്തിൽ ഉപഭോക്തൃ വിഹിതം, ഗ്രാമപഞ്ചായത്ത് വിഹിതം, സംസ്ഥാനത്തിന്റെ വിഹിതം എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

**ജലജീവൻ മിഷൻ**

6351 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാർക്ക് കുടിശികയായതിനെത്തുടർന്ന് ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ നിർത്തിവച്ചിരിക്കുന്നതിനാൽ ഗതാഗത യോഗ്യമല്ലാതായിരിക്കുന്ന റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ വകുപ്പ് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ജലജീവൻ പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ്; ഇതിനായി സംസ്ഥാനം നൽകേണ്ട മാച്ചിങ് ഷെയർ എത്ര തുകയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി ഇപ്പോൾ അവസാനിപ്പിച്ചാൽ ഇതിനായി ചെലവഴിച്ചിട്ടുള്ള തുക പാഴായിപ്പോകുമെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഈ പ്രതിസന്ധി എങ്ങനെ തരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ?

## ജലജീവൻ പദ്ധതിയുടെ കാലാവധി

6352 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ നൽകിയ വാട്ടർ കണക്ഷനുകളുടെ അടിസ്ഥാനത്തിൽ ജലജീവൻ പദ്ധതി നടത്തിപ്പിൽ കേരളം എത്രാം സ്ഥാനത്താണെന്ന് അറിയിക്കാമോ;

(ബി) ജലജീവൻ പദ്ധതിയുടെ കാലാവധി എന്നുവരെ ദീർഘിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് പൂർണമായും വാട്ടർ കണക്ഷനുകൾ നൽകുന്നതിന് ഇനി എത്ര രൂപയുടെ ചെലവ് വരും എന്നാണ് കണക്കാക്കിയിട്ടുള്ളത് എന്നും അതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര, സംസ്ഥാന സർക്കാരിന്റെ വിഹിതത്തിൽ ഉപഭോക്തൃ വിഹിതവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും എത്ര എന്നിങ്ങനെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## വാട്ടർ അതോറിറ്റിയിലെ മെയിന്റനൻസ് കരാറുകൾ

6353 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ മെയിന്റനൻസ് കരാറുകൾ ചെയ്തയിനത്തിൽ നിലവിൽ എത്ര മാസത്തെ കുടിശിക നൽകാനുണ്ട്; കുടിശികയിനത്തിൽ എത്ര തുകയാണ് നൽകാനുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

## വാട്ടർ അതോറിറ്റിയിലെ പെൻഷൻ പരിഷ്കരണം

6354 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തതും 01.07.2019 മുതൽ ലഭിക്കേണ്ടതുമായ പരിഷ്കരിച്ച പെൻഷൻ വാട്ടർ അതോറിറ്റിയിലെ പെൻഷൻകാർക്ക് നാളിതുവരെ ലഭിച്ചിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പെൻഷൻ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>പൈപ്പ് പൊട്ടലിന്റെ കാരണങ്ങൾ</u>

6355 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തുണ്ടായ ചെറുതും വലുതുമായ പൈപ്പ് പൊട്ടലിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്നാണ് കണ്ടെത്തിയിരിക്കുന്നത്; വ്യക്തമാക്കാമോ?

## <u>ദേശീയ പാതയുടെ നടുവിലുള്ള പൈപ്പ് ലൈൻ മാറ്റുന്നത്</u>

6356 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ടയിൽ നിന്നും കൊല്ലത്തേക്ക് കുടിവെള്ളം കൊണ്ടുപോകുന്ന പൈപ്പ്ലൈൻ നിലവിലുള്ള ദേശീയപാതയുടെ നടുവിലാണ് സ്ഥിതിചെയ്യുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പൈപ്പ്ലൈൻ പുതിയ ദേശീയ പാത നിർമ്മിക്കുമ്പോൾ സൈഡിലേക്ക് മാറ്റി സ്ഥാപിക്കാതെ റോഡ് പണി പൂർത്തീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(സി) സൈഡിലേക്ക് മാറ്റി പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുക്കുമോ; വ്യക്തമാക്കാമോ?

## <u>ആലപ്പുഴ നഗരസഭയിൽ നടപ്പാക്കുന്ന അമൃത് പദ്ധതി</u>

6357 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൽ മിഷൻ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ (അമൃത്) പദ്ധതിയുടെ ഭാഗമായി ആലപ്പുഴ നഗരസഭയിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിയ്ക്കും നീക്കി വെച്ചിട്ടുള്ള തുക എത്രയെന്നും ഇവയുടെ ഓരോന്നിന്റെയും ഇതുവരെയുള്ള നിർമ്മാണ പുരോഗതി സഹിതം വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ മുതൽമുടക്ക് ആരൊക്കെയാണ് നിർവ്വഹിക്കുന്നതെന്ന് അറിയിക്കാമോ;

(സി) കിഫ്ബി ഫണ്ടുപയോഗിച്ച് ആലപ്പുഴ നഗരസഭയ്ക്കായി നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും ഇവയ്ക്കായി എത്ര തുകയാണ് മാറ്റിവെച്ചിട്ടുള്ളതെന്നും ഇവയുടെ ഇതുവരെയുള്ള നിർമ്മാണ പുരോഗതി സഹിതം വിശദമാക്കാമോ?

## <u>കോട്ടക്കൽ നഗരസഭ കുടിവെള്ള പദ്ധതി</u>

6358 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നഗരസഭ കുടിവെള്ള പദ്ധതിയ്ക്കായി, നിലവിലുള്ള പദ്ധതികളിൽനിന്നും ഗാർഹിക കണക്ഷൻ നൽകുന്നതിനും വിതരണ ശൃംഖലകൾ നീട്ടുന്നതിനും പൈപ്പുകൾ സ്ഥാപിക്കുന്നതിനുമായി തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം, ഗാർഹിക കണക്ഷൻ നൽകൽ, ലൈൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായുള്ള 132.65 കോടി രൂപയുടെ പ്രൊപ്പോസലിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട മേൽ പ്രൊപ്പോസലുകൾ നബാർഡിന്റെ പദ്ധതിയിലോ മറ്റ് ഏതെങ്കിലും പദ്ധതികളിലോ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## പുതുക്കാട് മണ്ഡലത്തിലെ ജലജീവൻ പദ്ധതി

6359 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ ജലജീവൻ പദ്ധതിയുടെ ഭാഗമായി വിവിധ പഞ്ചായത്തുകളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും അവയുടെ നിർമ്മാണം ഏതുഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(ബി) ജലജീവൻ മിഷന്റെയും വാട്ടർ അതോറിറ്റിയുടെയും വിവിധ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതുമൂലം മണ്ഡലത്തിലെ വിവിധ റോഡുകളുടെ നവീകരണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കാതെ തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തൈക്കാട്ടുശ്ശേരി-തലോർ റോഡ്, പല്ലിശ്ശേരി-ചർച്ച് റോഡ്, മുളങ്ങ് റോഡ്, കുറുമാലി തൊട്ടിപ്പാൾ റോഡ്, കൊടകര-വെള്ളിക്കുളങ്ങര റോഡ്, പുതുക്കാട്-മുപ്ലിയം -കോടാലി റോഡ് തുടങ്ങിയ റോഡുകളുടെ നവീകരണ പ്രവൃത്തികൾക്ക് മുൻപായി കെ.ഡബ്ല്യു.എ. യുടെ പ്രവൃത്തികൾ നടത്തുന്നതിനാവശ്യമായ ഫണ്ടും അനുമതിയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## അങ്കമാലി നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

6360 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2023-24 വരെ അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി നഗരസഭയിലും അയ്യമ്പുഴ, മലയാറ്റൂർ, മഞ്ഞപ്ര, മൂക്കന്നൂർ, പാറക്കടവ്, കാലടി, തുറവൂർ, കറുകുറ്റി എന്നീ പഞ്ചായത്തുകളിലും ശുദ്ധജല വിതരണത്തിനായി അനുവദിച്ച വിവിധ പദ്ധതികളും അവയുടെ തുകയും ഇനം തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കുമോ;

(ബി) അങ്കമാലി നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ 2024-25 വർഷം ഭരണാനുമതിക്കായി ഏതെല്ലാം പദ്ധതികളാണ് വകുപ്പിന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>കരുവണ്ണൂർ ഭാഗത്തേക്കുള്ള ജലവിതരണം</u>**

6361 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായ കരുവണ്ണൂർ ഭാഗത്തെ ഫീൽഡ് ബോത്തിയിൽ മണ്ണ് നിറഞ്ഞ് ജലവിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരുവണ്ണൂർ ഭാഗത്തേക്ക് തടസ്സമില്ലാതെ ജലവിതരണം നടത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

**<u>ആലപ്പുഴ മണ്ഡലത്തിൽ തീരദേശ കോർപ്പറേഷൻ മുഖേനയുള്ള പ്രവൃത്തികൾ</u>**

6362 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തീരദേശ കോർപ്പറേഷൻ മുഖേന ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

**<u>കൊല്ലം ജില്ലയിലെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

6363 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കായലോര,ഉൾനാടൻ പ്രദേശങ്ങളിലെ തൊഴിലാളികൾക്കും മലയോര മേഖലയിലെ മത്സ്യ കച്ചവടകാർക്കും മത്സ്യ ത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫീസുകളിൽ നേരിട്ട് വരാതെയും തൊഴിലിന് തടസം വരാതെയും ഓൺലൈൻ ആയും ഗൂഗിൾ പേ സംവിധാനം ഉപയോഗിച്ചും സൗകര്യം പൂർവ്വം ഏത് സമയത്തും ക്ഷേമനിധി വിഹിതം അടയ്ക്കുവാൻ ക്ഷേമനിധി ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യത്തിന് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നൽകുന്ന സാക്ഷ്യപത്രം തൊഴിൽ നഷ്ടം വരാത്തവിധത്തിലും തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കി സമയബന്ധിതമായിലഭിക്കുന്നതിനുമായി പ്രസ്തുത സാക്ഷ്യപത്രത്തിനുള്ള അപേക്ഷ ഓൺലൈൻ സംവിധാനം മുഖേന സ്വീകരിക്കുന്നതിനും ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തി സാക്ഷ്യപത്രം അപേക്ഷകർക്ക് ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ;

(സി) ഗൂഗിൾ പേ, നെറ്റ് ബാങ്കിംഗ് തുടങ്ങിയ ആധുനിക സംവിധാനങ്ങളിലൂടെ ക്ഷേമനിധി ബോർഡ് വിഹിതം അടക്കുന്നതിനും ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും ഈ വർഷം തന്നെ നടപടി സ്വീകരിക്കുമെന്ന് ഉറപ്പ് നൽകാമോ; വ്യക്തമാക്കാമോ;

(ഡി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫീസുകളിൽ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് തൊഴിലാളികൾക്കിടയിൽ അഭിപ്രായ സർവേ നടത്തുന്നതിനും സർവ്വേയുടെ അടിസ്ഥാനത്തിൽ ബുദ്ധിമുട്ടുകൾ പരിഹരിച്ച് പ്രസ്തുത ഓഫീസുകൾ തൊഴിലാളിസൗഹൃദമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) മത്സ്യത്തൊഴിലാളിയുടെ വിവാഹിതരായ പെൺമക്കൾക്ക് മത്സ്യത്തൊഴിലാളി സാക്ഷ്യപത്രം നൽകുന്നതിന് തടസം ഉണ്ടെന്ന് പരാമർശിക്കുന്ന ഉത്തരവുകളോ, സർക്കുലറുകളോ നിലവിലുണ്ടോ; വിശദമാക്കാമോ?

## <u>പാറശ്ശാല മണ്ഡലത്തിലെ ഉൾനാടൻ മത്സ്യകൃഷി</u>

6364 **ശ്രീ സി കെ ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം സ്വീകരിച്ച നടപടികൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) ഇത്തരം നടപടികളുടെ ഭാഗമായി മത്സ്യ ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഉൾനാടൻ മത്സ്യകൃഷിയിൽ നിന്ന് കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ അതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടത്തിയ തീരസദസ്സ്</u>

6365 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ വച്ച് നടത്തിയ തീരസദസ്സ് പരിപാടിയിൽ എത്ര അപേക്ഷകൾ ലഭിച്ചു; പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കടലുണ്ടിക്കടവിന്റെ പാലത്തിന് സമീപമുള്ള അഴിമുഖത്തോടനുബന്ധിച്ചുള്ള ഫിഷ് ലാന്റിങ്ങ് സെന്ററിന് സമീപം അടിഞ്ഞ് കൂടിയ മണ്ണ്, ചെളി, മറ്റു മാലിന്യങ്ങൾ എന്നിവ മാറ്റുന്നതുമായി ബന്ധപ്പെട്ട് തീരസദസ്സിൽ നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി അറിയിക്കാമോ;

(സി) വള്ളിക്കുന്ന് -അരിയല്ലൂർ എന്നീ രണ്ടു വില്ലേജുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും മൽസ്യതൊഴിലാളികൾ ഏറെ ആശ്രയിക്കുന്നതുമായ ടിപ്പുസുൽത്താൻ റോഡിന്റെ ഭാഗമായി മുദിയം തോടിന് കുറുകെ പാലം എന്ന ആവശ്യം തീരസദസ്സിൽ ഉയർന്നു വന്നിരുന്നോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## <u>മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ പ്രൊഫഷണൽ കോഴ്സിനുള്ള പദ്ധതികൾ</u>

6366 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിന് സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) 2016 മുതൽ പ്രൊഫഷണൽ കോഴ്സ് പഠനത്തിന് എത്ര കുട്ടികൾക്കാണ് സഹായ ധനം നൽകിയിട്ടുള്ളതെന്നും, എത്ര രൂപയാണ് ഇതേ വരെ ഇതിനായി ചെലവഴിച്ചതെന്നും, ഈ സഹായം മൂലം കോഴ്സുകൾ പാസ്സായവരുടെ വിശദാംശവും ലഭ്യമാക്കാമോ;

(സി) പ്രസ്തുത സഹായം ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ നിലവിൽ പെന്റിംഗ് ഉണ്ടെന്നും എങ്കിൽ എത്ര അപേക്ഷകർക്കാണ് ഇനിയും സഹായം ലഭ്യമാക്കാനുള്ളതെന്നും ഇത് വൈകുന്നതിന്റെ കാരണം എന്താണെന്നും എന്നത്തേക്ക് ഈ അപേക്ഷകളിൽ തീരുമാനമെടുക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

## <u>എ.എ.ബി.വൈ. ഇൻഷ്വറൻസ്</u>

6367 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധി ബോർഡിൽ അംഗമായ മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന എ.എ.ബി.വൈ. ഇൻഷ്വറൻസ് ധനസഹായത്തിനായി 2018 മുതൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(ബി) അപേക്ഷകർക്ക് ആനുകൂല്യം വിതരണം ചെയ്യാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; അർഹതപ്പെട്ട കുടുംബങ്ങൾക്ക് അടിയന്തരമായി ആനുകൂല്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

## <u>ആലപ്പുഴ മണ്ഡലത്തിലെ മാർക്കറ്റുകളുടെ നവീകരണ പ്രവൃത്തികൾ</u>

6368 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിലെ മാർക്കറ്റുകൾ കിഫ്ബി ധനസഹായത്തോടെ നവീകരിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതിയെന്താണ്; ഓരോ മാർക്കറ്റിന്റെയും നവീകരണ പ്രവൃത്തികളുടെ പുരോഗതി പ്രത്യേകം വ്യക്തമാക്കാമോ?

## <u>മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ</u>

6369 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യകൃഷി നേരിടുന്ന പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കാലാവസ്ഥ വ്യതിയാനം മൂലം മത്സ്യങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾ പ്രതിരോധിക്കുന്നതിനായി നടപ്പിലാക്കിവരുന്ന നടപടികൾ വിശദമാക്കാമോ;

(സി) മത്സ്യകർഷകർക്ക് ആശ്വാസം നൽകുന്നതിനായി മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ?

## സമഗ്ര ഇൻഷ്വറൻസ് പദ്ധതി

6370 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവത്കൃത മത്സ്യബന്ധനരീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പരമ്പരാഗത മത്സ്യബന്ധനയാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## കൊല്ലം ജില്ലയിലെ മത്സ്യതൊഴിലാളി ക്ഷേമ നിധി ബോർഡ്

6371 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ നിന്നും മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ എണ്ണം എത്രയെന്നും , മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫിസുകളുടെ എണ്ണം എത്രയെന്നും , അവ ഏതെല്ലാമെന്നും അറിയിക്കുമോ;

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ എല്ലാ ഓഫിസുകളും എല്ലാ ദിവസവും തുറന്ന് പ്രവർത്തിക്കാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ക്ഷേമനിധി ഓഫിസുകൾ എല്ലാ ദിവസവും പ്രവർത്തിക്കാത്തത് മൂലം തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കുണ്ടറ മണ്ഡലത്തിലെ പടപ്പക്കര ഫിഷറീസ് ഓഫീസിൽ അംഗത്വം നൽകിയിട്ടുള്ള തൊഴിലാളികളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ; കുണ്ടറ ക്ഷേമനിധി ഓഫീസ് എല്ലാ ദിവസവും തുറന്ന് പ്രവർത്തിക്കാത്തതിന് കാരണം അറിയിക്കാമോ;

(ഡി) എല്ലാ പ്രവൃത്തി ദിവസങ്ങളിലും തുറന്ന് പ്രവർത്തനം നടത്തി തൊഴിലാളികൾക്ക് സേവനങ്ങൾ നൽകിയിരുന്ന കുണ്ടറ ക്ഷേമനിധി ഓഫീസ് ഇപ്പോൾ എല്ലാ ദിവസവും പ്രവർത്തിക്കാത്ത നടപടി സർക്കാർ അനുമതിയോടെയാണോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഫിഷറീസ് ഓഫീസ് എല്ലാപ്രവൃത്തി ദിവസവും തുറന്ന് പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കുമോ?

## അഴീക്കോട് കേന്ദ്രമായി ഫിഷ് ലാൻഡിംഗ് സെന്റർ

6372 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ അഴീക്കോട് കേന്ദ്രമായി സർക്കാർ അനുവദിച്ച ഫിഷ് ലാൻഡിംഗ് സെന്റർ പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ?

## പുനർഗേഹം പദ്ധതി

6373 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി കല്ല്യാശ്ശേരി മണ്ഡലത്തിലെ എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നതെന്നും നാളിതുവരെ എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ

6374 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധന മാസങ്ങൾ ഉൾപ്പെടെയുള്ള പ്രതികൂല സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന സൗജന്യ റേഷൻ മുടങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റേഷൻ മുടങ്ങാനുള്ള സാഹചര്യം വിശദമാക്കുമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളത്തൂർ, കാരോട് ഗ്രാമപഞ്ചായത്തുകളിലെ പ്രവൃത്തികൾ

6375 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളത്തൂർ, കാരോട് ഗ്രാമപഞ്ചായത്തുകളിൽ 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ വകുപ്പ് എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്നും ഓരോ പ്രവൃത്തിയ്ക്കും അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ?

## ആഴക്കടൽ മത്സ്യബന്ധനം

6376 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്ന തദ്ദേശീയ യാനങ്ങളെ ആധുനികവൽക്കരിക്കുന്നതിനും പുതിയ യാനങ്ങൾ സ്വായത്തമാക്കാനും വേണ്ടി സർക്കാർ എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത്; വ്യക്തമാക്കാമോ?

## പി.എം.എം.എസ്.വൈ. - വൈപ്പിൻ-മുനമ്പം തീര സംരക്ഷണം

6377 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ-മുനമ്പം തീര സംരക്ഷണത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കി പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (പി.എം.എം.എസ്.വൈ.) പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള 145.87 കോടി രൂപയുടെ മോഡേൺ ഇന്റഗ്രേറ്റഡ് ഫിഷ് ലാന്റിംഗ് ഫെസിലിറ്റിസ് ഇൻ ദി വൈപ്പിൻ-മുനമ്പം കോസ്റ്റൽ സ്ട്രെച്ച് ഓഫ് എറണാകുളം ഡിസ്ട്രിക് പദ്ധതിക്ക് എന്നത്തേക്ക് അംഗീകാരം ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ;

(ബി) കടൽ ഭിത്തികൾ ഇല്ലാത്തതിനാൽ വർഷം തോറും വർദ്ധിച്ചുവരുന്ന കടലാക്രമണ ഭീഷണിമൂലം ദുരിതമനുഭവിക്കുന്ന വൈപ്പിൻ ജനതയുടെ പ്രയാസങ്ങൾ കണക്കിലെടുത്ത് പ്രസ്തുത പദ്ധതിക്ക് അടിയന്തര അംഗീകാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

## മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ

6378 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ മേഖലയിൽ വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി സാങ്കേതിക വിദ്യകളുടെ സഹായത്തോടെ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിന് മത്സ്യബന്ധന വകുപ്പ് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ?

## മത്സ്യത്തൊഴിലാളി മേഖലയുടേയും മത്സ്യവിപണന മേഖലയുടെയും ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ

6379 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മത്സ്യത്തൊഴിലാളി മേഖലയുടേയും മത്സ്യവിപണന മേഖലയുടെയും ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) 2022-23, 2023-24 കാലയളവിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളി മേഖലയിൽ സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾ എത്ര എന്നും അവർക്ക് വീട് വച്ച് നൽകുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

## <u>വിദ്യാതീരം പദ്ധതി</u>

6380 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാതീരം പദ്ധതി പ്രകാരം മുൻ സർക്കാരും നിലവിലെ സർക്കാരും എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>മലപ്പുറം ജില്ലയിൽ ഫിഷറീസ് വകുപ്പിന് കീഴിലുള്ള പദ്ധതികൾ</u>

6381 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റശേഷം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) മലപ്പുറം മണ്ഡലത്തിൽ ഇത്തരത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) മലപ്പുറം മണ്ഡലത്തിലെ മാർക്കറ്റുകൾ നവീകരിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ?

## <u>ആധുനിക തീരദേശ മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ</u>

6382 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധുനിക തീരദേശ മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ സജ്ജമാക്കാൻ തീരദേശ വികസന കോർപ്പറേഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) ഇതിനായി ഏതെല്ലാം സ്ഥലങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(സി) പദ്ധതിയുടെ നിലവിലെ സ്ഥിതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## <u>ജലസംഭരണികളിലെ മത്സ്യകൃഷി</u>

6383 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ജലസംഭരണികളിലാണ് മത്സ്യകൃഷി നടത്തി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം വിഭാഗത്തിലുള്ള മത്സ്യങ്ങളാണ് കൃഷി ചെയ്യാൻ ഉപയോഗിക്കുന്നത്;

(സി) ഇങ്ങനെ ലഭിക്കുന്ന മത്സ്യങ്ങൾ പൊതു വിപണികളിലൂടെ ജനങ്ങൾക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതിൽ നിന്നും 2021-2022, 2022-2023 സാമ്പത്തിക വർഷത്തിൽ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കൃത്രിമ പാര് സ്ഥാപിക്കാൻ പദ്ധതി

6384 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. വാഴൂർ സോമൻ**
**ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം, മലിനീകരണം, അമിത മത്സ്യബന്ധനം എന്നിവ മൂലം തീരക്കടലിന്റെ അടിത്തട്ടിലെ മത്സ്യ ആവാസ വ്യവസ്ഥയ്ക്ക് വലിയരീതിയിലുള്ള മാറ്റങ്ങൾ സംഭവിച്ചിട്ടുള്ളത് വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കടലിന്റെ അടിത്തട്ടിലെ സ്വാഭാവിക മത്സ്യപ്രജനന കേന്ദ്രങ്ങൾക്കുണ്ടായിട്ടുള്ള കുറവ് ഒരു പരിധിവരെ പരിഹരിക്കുന്നതിന് വേണ്ടി പവിഴപ്പുറ്റുകൾക്ക് സമാനമായ കൃത്രിമ ആവാസ സങ്കേതങ്ങൾ സൃഷ്ടിക്കുന്ന കൃത്രിമ പാര് സ്ഥാപിക്കുന്ന പ്രവർത്തനത്തിന്റെ പുരോഗതി വിശദമാക്കുമോ;

(സി) കൃത്രിമ പാരുകളുടെ നിക്ഷേപം മൂലം കടൽ മത്സ്യ ഉല്പാദനത്തിൽ അടുത്ത കാലഘട്ടത്തിൽ വർദ്ധനവുണ്ടായ സാഹചര്യത്തിൽ കൂടുതൽ കൃത്രിമ പാര് സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മത്സ്യ ആവാസ വ്യവസ്ഥയെ തകർക്കുന്ന നിരോധിത വലകൾ ഉപയോഗിച്ചുകൊണ്ടുള്ള ട്രോളിംഗ് രീതികൾ പൂർണ്ണമായും നിരോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

## ക്ഷേമനിധിയിൽ അംഗമല്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം

6385 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് സംഭവിക്കുന്ന അപകടങ്ങൾക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) അപകടങ്ങളിൽ മരിച്ച ഈ വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

## പരപ്പനങ്ങാടി ഫിഷറീസ് കോളനിയിലെ വീടുകൾ

6386 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി ഫിഷറീസ് കോളനിയിലെ ഇരട്ട വീടുകൾ ഒറ്റ വീട് ആക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ്; ഫയൽ നമ്പർ ഏതാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത കോളനിയിൽ എത്ര ഇരട്ട വീടുകൾ ആണുള്ളത്; ഓരോന്നിന്റെയും ഭൂമിയുടെ അളവുകൾ സഹിതം വിശദമാക്കാമോ;

(സി) പ്രസ്തുത ഇരട്ട വീടുകൾ ഒറ്റ വീടാക്കി മാറ്റുന്നതിനുള്ള സ്ഥലസൗകര്യം ഇവിടെ ഉണ്ടോ; ഉണ്ടെങ്കിൽ ഈ ഇരട്ട വീടുകൾ ഒറ്റ വീടുകൾ ആക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ പള്ളിക്കര മിഷൻ മത്സ്യത്തൊഴിലാളി കോളനി നിവാസികളുടെ വീട് നിർമ്മാണം

6387 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പള്ളിക്കര മിഷൻ മത്സ്യത്തൊഴിലാളി കോളനി നിവാസികൾക്ക് വീട് നിർമ്മിക്കാനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾ

6388 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട എത്ര കുടുംബങ്ങൾ താൽക്കാലിക ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നുണ്ട് എന്ന വിവരം ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ആറു മാസത്തിൽ അധികമായി ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന എത്ര കുടുംബങ്ങൾ ഉണ്ട് എന്ന കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കുമോ; ഇത്തരം കുടുംബങ്ങളെ അടിയന്തരമായി പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## പയ്യന്നൂർ - പാലക്കോട് ഫിഷ് ലാന്റിംഗ് സെന്റർ നവീകരണം

6389 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ രാമന്തളി ഗ്രാമപഞ്ചായത്തിലെ പാലക്കോട് ഫിഷ് ലാന്റിംഗ് സെന്റർ നവീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## മത്സ്യത്തൊഴിലാളികളുടെ ഭവന പദ്ധതികൾ

6390 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ൽ കേന്ദ്ര സർക്കാർ തീര നിയന്ത്രണ മേഖലാ(സി.ആർ.ഇസെഡ്) വിജ്ഞാപനം പുറത്തിറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിജ്ഞാപനവുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ**

6391 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത കടാശ്വാസ തുക അനുവദിക്കുവാൻ വൈകുന്നതിനുള്ള കാരണം വിശദമാക്കുമോ;

(ബി) ഈയിനത്തിൽ എത്ര തുക വിതരണം ചെയ്യാനുണ്ടെന്നും പ്രസ്തുത തുക വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ?

**മത്സ്യത്തൊഴിലാളികൾക്കായി ധനസഹായം**

6392 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ മുന്നറിയിപ്പിനെ തുടർന്ന് തൊഴിലിനുപോകാൻ കഴിയാതിരുന്ന മത്സ്യത്തൊഴിലാളികൾക്കായി സർക്കാർ പ്രഖ്യാപിച്ച ധനസഹായം ഈ വർഷം നാളിതുവരെ എത്ര പേർക്ക് വിതരണം ചെയ്തു എന്ന വിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഉൾനാടൻ മത്സ്യത്തൊഴിലാളികളെ പ്രസ്തുത പദ്ധതിയിൽപ്പെടുത്തി ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

**ചാലിയാർ പുഴയിലെ ഉൾനാടൻ മത്സ്യകൃഷി വികസനം**

6393 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ചാലിയാർ പുഴയിൽ മത്സ്യ ഉല്പാദനം വർധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പുഴയിലെ വാഴക്കാട് കവണക്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജ് ഭാഗങ്ങളിൽ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് വ്യക്തമാക്കാമോ?

**കാസർഗോഡ് മൊഗ്രാൽ പുത്തൂർ - ചേരകൈ കടപ്പുറം ലൈറ്റ് ഹൗസ് പള്ളം റോഡ്**

6394 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിനോട് തൊട്ടുരുമ്മി നിൽക്കുന്ന കാസർഗോഡ് മൊഗ്രാൽ പുത്തൂർ-ചേരകൈ കടപ്പുറം ലൈറ്റ് ഹൗസ് പള്ളം റോഡ് പുനർ നിർമ്മിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്ന് എപ്പോഴെങ്കിലും തുക വകയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന് പൊതുമരാമത്ത് വകുപ്പ് എന്നെങ്കിലും തുക അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് പ്രവൃത്തി ചെയ്യാൻ പറ്റാത്ത സ്ഥിതി ഉണ്ടാകുകയും ചെയ്തിട്ടുണ്ടോ;

(സി) കടലിനോട് തൊട്ടുരുമ്മി നിൽക്കുന്ന റോഡ് ആയിട്ടും ഈ റോഡ് ഇതുവരെ ഹാർബർ എഞ്ചിനീയറിംഗ് പുനർ നിർമ്മിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത് പൊതുമരാമത്ത് റോഡാണെങ്കിൽ ഹാർബർ എഞ്ചിനീയറിഗിന് കൈമാറി താമസംവിന പുനർനിർമ്മാണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## മത്സ്യഫെഡ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

6395 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിൽ നിന്നും മത്സ്യബന്ധന ആവശ്യങ്ങൾക്കുവേണ്ടി എടുത്ത വായ്പയിന്മേലുള്ള വായ്പ കുടിശ്ശികയുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി കൊണ്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021-22 ബജറ്റിൽ പ്രഖ്യാപിച്ചിരുന്നോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്രപേർക്ക് സഹായം അനുവദിച്ചിട്ടുണ്ട്; എത്ര തുക ഇളവ് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## തിരുവനന്തപുരം ജില്ലയിലെ ഫിഷ് മാർട്ടുകൾ

6396 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ മത്സ്യഫെഡ് ആരംഭിച്ച ഫിഷ് മാർട്ടുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുവെന്ന് അറിയിക്കാമോ;

(ബി) ഗുണനിലവാരമുള്ള മത്സ്യം ഫിഷ് മാർട്ടുകളിലൂടെ വിപണനം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് മത്സ്യഫെഡ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് പ്രവർത്തനം നിലച്ചുപോയ ഫിഷ് മാർട്ടുകൾ എത്രയെണ്ണമുണ്ടെന്നും അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും പോരായ്മകൾ പരിഹരിച്ച് കുടുതൽ ഫിഷ് മാർട്ടുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

## ഇതര സംസ്ഥാന മത്സ്യം പരിശോധിക്കാൻ നടപടി

6397 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനത്തെ തുടർന്ന് ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് എത്തുന്ന മത്സ്യം പരിശോധിക്കുന്നതിന് വേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന മത്സ്യം പരിശോധിക്കുന്നതിന് വേണ്ടി പഞ്ചായത്ത് തലത്തിൽ ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തുമോയെന്ന് അറിയിക്കാമോ?

## മത്സ്യ സമ്പത്തിന്റെ സംരക്ഷണം

6398 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിന്റെയും ഉൾനാടൻ ജലാശയങ്ങളുടെയും മത്സ്യ സമ്പത്തിന്റെ സംരക്ഷണം, പരിപാലനം എന്നിവ മുൻനിർത്തി പരിസ്ഥിതി സൗഹാർദ്ദ മാർഗ്ഗങ്ങളിലൂടെ ശാസ്ത്രീയ രീതികൾ ഉപയോഗിച്ച് ഉല്പാദകക്ഷമതയും മത്സ്യോല്പാദനവും വർദ്ധിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) അതിനു നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ മത്സ്യങ്ങളുടെ ഉല്പാദകക്ഷമതയും മത്സ്യോല്പാദനവും വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) അമിതമായ മത്സ്യബന്ധന സമ്മർദ്ദവും അശാസ്ത്രീയ മത്സ്യബന്ധന രീതികളും കാരണം കടലിന്റെ അടിത്തട്ടിലെ ആവാസവ്യവസ്ഥയുടെ ആരോഗ്യം അനുദിനം ക്ഷയിക്കുന്നത് ഒഴിവാക്കുവാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## സമുദ്ര വിഭവങ്ങളിൽ നിന്ന് മൂല്യവർദ്ധിത വസ്തുക്കൾ

6399 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമുദ്ര വിഭവങ്ങളിൽ നിന്ന് മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന്റെ സാധ്യത പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിനായി സംസ്ഥാനത്ത് ഏതെങ്കിലും തരത്തിലുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) സമുദ്ര വിഭവങ്ങളിൽ നിന്നും മരുന്നുകൾ നിർമ്മിക്കുന്ന ഏതെങ്കിലും സംരംഭം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## മത്സ്യബന്ധനവും ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്ന നടപടി

6400 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യസംഭരണം, ലേലം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കാമോ?

**<u>അപകടങ്ങളിൽ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്കുള്ള ധനസഹായം</u>**

6401 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി ഹാർബറിന്റെ അശാസ്ത്രീയ നിർമ്മാണംമൂലം സംഭവിച്ച അപകടങ്ങളിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മാത്രമാണ് ലഭിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മത്സ്യബന്ധന അപകടങ്ങളിൽ മരണമടയുന്ന എല്ലാ മത്സ്യത്തൊഴിലാളികളുടെയും കുടുംബങ്ങൾക്ക് ധനസഹായം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**<u>തീരദേശ പാക്കേജ്</u>**

6402 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ ഓഖിക്ക് ശേഷം സർക്കാർ പ്രഖ്യാപിച്ച 2000 കോടി രൂപയുടെ തീരദേശ പാക്കേജ് പ്രകാരം എത്ര തുക നാളിതുവരെ വിനിയോഗിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പാക്കേജ് പ്രകാരം നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**<u>കരാർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കാത്തതിനാൽ നഷ്ടപരിഹാരം</u>**

6403 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴിയുമായി ബന്ധപ്പെട്ട് അദാനി ഗ്രൂപ്പും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും സംയുക്തമായി 2018-ൽ ഒപ്പുവച്ച ധാരണാപത്രം പ്രകാരം ഡ്രെഡ്ജർ ഉപയോഗിച്ചുള്ള പ്രവൃത്തികൾ അദാനി കമ്പനി പൂർത്തിയാക്കിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) കരാർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കാത്തതുമായി ബന്ധപ്പെട്ട് അദാനി കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ആവശ്യപ്പെടുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) അദാനി കമ്പനി കരാർ പ്രകാരം പൂർത്തീകരിക്കാത്ത പ്രവൃത്തികൾ സർക്കാർ ഏറ്റെടുത്ത് പൂർത്തീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ**

6404 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തിരം എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

**കൈപ്പമംഗലം മണ്ഡലത്തിലെ മിനി ഹാർബർ**

6405 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ മിനി ഹാർബർ നിർമ്മാണത്തിന്റെ പൂർത്തീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**മുതലപ്പൊഴി ഹാർബർ നിർമ്മാണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള പദ്ധതി**

6406 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി ഹാർബർ നിർമ്മാണത്തിലെ പോരായ്മകൾ പരിഹരിക്കുന്നത് സംബന്ധിച്ച സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന് ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത ഡി.പി.ആർ. സമർപ്പിച്ചത് എന്നാണെന്നും പദ്ധതി എത്ര കോടി രൂപയുടേതാണെന്നും അറിയിക്കുമോ;

(സി) പ്രസ്തുത ഡി.പി.ആർ.-ന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സമർപ്പിച്ച നിവേദനത്തിന്മേൽ കേന്ദ്ര സർക്കാർ എന്തെങ്കിലും ഉറപ്പ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

**മുതലപ്പൊഴി ഹർബാറിന്റെ അശാസ്ത്രീയ നിർമ്മാണം സംബന്ധിച്ച് നടത്തിയ പഠനം**

6407 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി ഹാർബറിന്റെ അശാസ്ത്രീയ നിർമ്മാണം സംബന്ധിച്ച പഠനം നടത്താൻ പൂനെ ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷനെ (സി.ഡബ്ല്യു.പി.ആർ.എസ്.) ചുമതലപ്പെടുത്തിയിരുന്നോ എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുൻപുള്ള പഠനത്തിന്റെ ഭാഗമായി മുതലപ്പൊഴിയിലെ മത്സ്യത്തൊഴിലാളികളുമായി ആശയ വിനിമയം നടത്തിയിരുന്നോ എന്ന് അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ മത്സ്യത്തൊഴിലാളികളുടെ അറിവ് പഠനത്തിനായി പ്രയോജനപ്പെടുത്താത്തതിന്റെ കാരണം വിശദമാക്കുമോ?

## <u>വിഴിഞ്ഞം ഹാർബർ നിർമ്മാണം അദാനി ഗ്രൂപ്പുമായുള്ള കരാർ</u>

6408 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം ഹാർബർ നിർമ്മാണത്തിനുള്ള പാറ നഗരൂർ, കരവാരം എന്നീ പഞ്ചായത്തുകളിൽനിന്നും ശേഖരിച്ച് കടൽമാർഗം കൊണ്ടുപോകുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 2018-ൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അദാനി ഗ്രൂപ്പുമായി കരാറിൽ ഏർപ്പെട്ടിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കരാർ പ്രകാരമുള്ള പ്രവൃത്തികൾ അദാനി ഗ്രൂപ്പ് നിർവ്വഹിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ ഓവർസിയർ നിയമനം</u>

6409 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് III,ഓവർസിയർ ഗ്രേഡ് III എന്നീ തസ്തികയിലേക്കുള്ള പി.എസ്.സി. നിയമനവുമായി ബന്ധപ്പെട്ട് കോടതിയിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## <u>തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണം</u>

6410 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാനാകുമെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഹാർബറിലേക്ക് വെള്ളം കയറുമെന്നതിനാൽ ഹാർബറിന്റെ ഉയരം വർദ്ധിപ്പിക്കണമെന്ന മത്സ്യത്തൊഴിലാളികളുടെ ആവശ്യത്തിന്മേൽ ടെക്നിക്കൽ പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഹാർബറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വശങ്ങളിലേക്ക് വെള്ളം അടിച്ചുകയറുന്നത് തടയുന്നതിന് പുലിമുട്ടുകൾ നിർമ്മിക്കുമോ; വിശദമാക്കാമോ?

## മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ഷിറിയ റിവർ ട്രെയിനിംഗ് പ്രവൃത്തി

6411 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ഷിറിയ റിവർ ട്രെയിനിംഗ് പ്രവൃത്തി നിലവിൽ ഏത് നിർവഹണ ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാകുമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ തീരദേശ റോഡുകൾ

6412 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ മൽസ്യബന്ധന വകുപ്പ് ഭരണാനുമതി നൽകിയതും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ നിർവ്വഹണ ചുമതലയിൽ ഗതാഗത യോഗ്യമാക്കുന്നതിനായി അനുമതി നൽകിയിട്ടുള്ളതുമായ തീരദേശ റോഡുകളിൽ ഏതെല്ലാം റോഡുകളുടെ പ്രവൃത്തി പൂർത്തീകരിക്കുവാനുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഗതാഗതയോഗ്യമാക്കുന്ന പ്രവൃത്തികൾ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും ഏതെങ്കിലും റോഡുകളെ സംബന്ധിച്ച് തടസങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റോഡുകൾ ഏതെല്ലാമാണെന്നും തടസങ്ങൾ നീക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ കരാർ കാലാവധി അവസാനിച്ചിട്ടും പണി പൂർത്തീകരിക്കാത്ത പ്രവൃത്തികൾ

6413 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിൽ കരാർ കാലാവധി അവസാനിച്ചിട്ടും പണി പൂർത്തിയാകാത്ത കോൺട്രാക്ടർമാർക്ക് കാലാവധി നീട്ടി നൽകുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണെന്നും എത്ര തവണ ഇങ്ങനെ കാലാവധി നീട്ടി നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ബി) നിരവധി തവണ കാലാവധി നീട്ടി നൽകിയിട്ടും പണി പൂർത്തിയാക്കാത്ത കരാറുക്കാർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്നും, ഇത്തരത്തിൽ കരാർ കാലാവധി നീട്ടി നൽകിയിട്ടും പണി പൂർത്തിയാക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും വ്യക്തമാക്കാമോ?

## സംരക്ഷിത സ്മാരകങ്ങൾ നിർമ്മിക്കുന്ന പദ്ധതി

6414 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരക്ഷിത സ്മാരകം നിർമ്മിക്കുന്നതിനുള്ള പദ്ധതികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര രൂപ ചെലവഴിച്ചു എന്നതിന്റെ ജില്ലാ അടിസ്ഥാനത്തിലുള്ള വിശദാംശം നൽകാമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ ചട്ടമ്പി സ്വാമികളുടെ തറവാട് വീട് സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള നടപടികൾ വൈകുന്നത് സംബന്ധിച്ച പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ചട്ടമ്പി സ്വാമികളുടെ ജീവചരിത്രം വരുംതലമുറയ്ക്ക് പഠനവിധേയമാക്കാവുന്ന തരത്തിൽ പഠന കേന്ദ്രം, സ്മാരകം എന്നിവ നിർമ്മിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## പണ്ഡിറ്റ് കറുപ്പൻ സ്മാരക മന്ദിരത്തിന്റെ നിർമ്മാണം

6415 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-2023 ബഡ്ജറ്റിൽ അടങ്കൽ തുകയുടെ 20% വകയിരുത്തിയിട്ടുള്ള വൈപ്പിൻ മണ്ഡലത്തിലെ പണ്ഡിറ്റ് കറുപ്പൻ സ്മാരക മന്ദിരത്തിന്റെ നിർമ്മാണത്തിനായുള്ള പ്രൊപ്പോസലിന് നാളിതുവരെ ഭരണാനുമതി ലഭ്യമാകാത്തതിന് കാരണം വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് സാംസ്കാരികകാര്യ വകുപ്പിലെ എ2/104/2017- നമ്പർ ഫയലിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിക്ക് എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## റൂറൽ ആർട്ട് ഹബ് പദ്ധതി

6416 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. എം.വിജിൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ വി കെ പ്രശാന്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാടൻ കലാകാരന്മാരെയും കൈത്തൊഴിലുകാരെയും സംരക്ഷിക്കുന്നതിന് റൂറൽ ആർട്ട് ഹബ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ;

(സി) റൂറൽ ആർട്ട് ഹബ് പദ്ധതി വനിതാ ശാക്തീകരണത്തിന് സഹായകമാകുന്ന തരത്തിൽ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

## സാർവ ദേശീയ സാഹിത്യോത്സവം

6417 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ നടത്തിയ സാർവ ദേശീയ സാഹിത്യോത്സവത്തിൽ അതിഥികളായി എത്തിയിരുന്നത് ആരൊക്കെയാണെന്നും ഇവർ ഏതൊക്കെ മേഖലകളിൽ നിന്നുള്ളവരാണെന്നും വ്യക്തമാക്കാമോ;

(ബി) ഈ പരിപാടിയുടെ ആകെ ചെലവ് എത്ര രൂപയാണെന്ന് ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) സാഹിത്യോത്സവത്തിൽ പങ്കെടുക്കുന്നതിനായി എത്തിച്ചേർന്ന അതിഥികൾ ഓരോരുത്തർക്കും പ്രതിഫലമായോ യാത്രാപ്പടിയായോ മറ്റേതെങ്കിലും ഇനങ്ങളിലായോ നൽകിയ തുകകൾ എത്ര വീതം ആണെന്ന് ഇനം തിരിച്ച് അറിയിക്കാമോ;

(ഡി) അതിഥികൾക്ക് നൽകിയ പ്രതിഫലം സംബന്ധിച്ച് പരാതികൾ ഉയർന്നു വന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന പരിപാടികളിൽ പങ്കെടുക്കുന്ന അതിഥികൾക്ക് പ്രതിഫലം നൽകുന്നത് സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

## ഐ.എഫ്.എഫ്.കെ.യ്ക്ക് വേണ്ടി ഫെസ്റ്റിവൽ കോംപ്ലക്സ്

6418 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എഫ്.എഫ്.കെ.യ്ക്ക് വേണ്ടി തിരുവനന്തപുരത്ത് ഫെസ്റ്റിവൽ കോംപ്ലക്സ് സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

## ഫിലിം ടൂറിസം പദ്ധതി

6419 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ ഡി കെ മുരളി**
**ശ്രീ എം മുകേഷ്**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഫിലിം ടൂറിസം പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുവഴി സാംസ്കാരിക മേഖലയിലും ടൂറിസം മേഖലയിലും എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഫിലിം ടൂറിസം പദ്ധതി വിപുലമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## കാവശ്ശേരി ഇന്ദുചൂഡൻ സ്മാരക സാംസ്കാരിക നിലയം

6420 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവശ്ശേരി ഇന്ദുചൂഡൻ സ്മാരക സാംസ്കാരിക നിലയത്തിന്റെ ഒന്നാംഘട്ട പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സാംസ്കാരിക നിലയത്തിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം

6421 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ അനുവദിച്ച പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന് സമീപം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## തിരുവനന്തപുരത്ത് നവോത്ഥാന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി

6422 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവോത്ഥാന നായകരുടെ പേരിൽ ജില്ലകളിൽ നവോത്ഥാന കേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ എവിടെയാണ് നവോത്ഥാന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## സിനിമ തിയേറ്ററുകൾ സ്ഥാപിക്കുന്നതിന് നടപടി

6423 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കിഫ്ബി സഹായത്തോടെ നൂറ് സിനിമ തിയേറ്ററുകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എവിടെയൊക്കെ തിയേറ്ററുകൾ സ്ഥാപിച്ചുവെന്നും എത്രയെണ്ണം സ്ഥാപിച്ചുവെന്നും എത്രയെണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും പ്രസ്തുത പദ്ധതികൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഓരോ പദ്ധതിയും ആരംഭിച്ചതെന്നാണെന്നും വ്യക്തമാക്കുമോ?

## മിശ്രഭോജനത്തിന്റെ സ്മരണയ്ക്കായി സ്മാരകം

6424 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ബഡ്ജറ്റിൽ അടങ്കൽ തുകയുടെ ഇരുപത് ശതമാനം തുക വകയിരുത്തിയ, വൈപ്പിൻ മണ്ഡലത്തിലെ ചെറായിയിലുള്ള സഹോദരൻ അയ്യപ്പൻ സ്മാരകത്തിന് സമീപം മിശ്രഭോജനത്തിന്റെ സ്മരണയ്ക്കായി സ്മാരകം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിന് നാളിതുവരെ ഭരണാനുമതി ലഭ്യമാകാത്തതിന് കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ ഭരണാനുമതിക്കായി ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ടോ; ഇതിനായി ടൂറിസം സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനം എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച സാംസ്കാരികകാര്യ വകുപ്പിലെ എ2/12/2015 നമ്പർ ഫയലിന്മേൽ ഭരണാനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിയ്ക്ക് എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## നൂറനാട് നന്ദികേശ ശില്പ പൈതൃക ഗ്രാമം പദ്ധതി

6425 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് നന്ദികേശ ശില്പ പൈതൃക ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത് പരിഗണിക്കുമോയെന്നും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

## ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണ പ്രവർത്തനങ്ങൾ

6426 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചതെന്നാണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും നാളിതുവരെ എത്ര ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് കണക്കാക്കിയിരിക്കുന്ന ആകെ തുക എത്രയാണെന്നും നാളിതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) 2016 മുതൽ നാളിതുവരെ പ്രസ്തുത സ്റ്റുഡിയോയിൽ നിന്ന് ലഭിച്ച വരുമാനത്തിന്റെ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ചിത്രാഞ്ജലി സ്റ്റുഡിയോയിൽ കിഫ്ബി സഹായത്തോടെയല്ലാതെ 2016 മുതൽ നാളിതുവരെ യന്ത്ര സാമഗ്രികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

## സാംസ്കാരിക രംഗത്ത് നടത്തിയ പ്രധാന പദ്ധതികൾ

6427 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം സാംസ്കാരിക രംഗത്ത് നടത്തിയ പ്രധാന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) സാംസ്കാരിക ടൂറിസത്തിന്റെ ഭാഗമായി മലബാർ മേഖലയിൽ നടത്താൻ പോകുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## <u>ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണവും കൾച്ചറൽ കോംപ്ലക്സ് നിർമ്മാണവും</u>

6428 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണത്തിനും എല്ലാ ജില്ലകളിലും കൾച്ചറൽ കോംപ്ലക്സ് സ്ഥാപിക്കുന്നതിനും ഡി.പി.ആർ. തയ്യാറാക്കുവാൻ വേണ്ടി 2016-2021 കാലഘട്ടത്തിൽ സാംസ്കാരിക വകുപ്പ് എപ്പോഴെങ്കിലും ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ മുഴുവൻ ടെൻഡർ നടപടികളുടെ പകർപ്പും ലഭ്യമാക്കുമോ;

(ബി) ടെൻഡറിൽ എത്ര പേർ പങ്കെടുത്തുവെന്നും ആർക്കാണ് ടെൻഡർ നൽകിയതെന്നും എത്ര തുകയ്ക്കാണ് ടെൻഡർ അനുവദിച്ചതെന്നും പദ്ധതിയുടെ അടങ്കൽ തുക എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) ഡി.പി.ആർ. തയ്യാറാക്കുവാൻ നൽകിയ സമയപരിധി എത്ര; ഈ സമയത്തിനുള്ളിൽ ഡി.പി ആർ. തയ്യാറാക്കി നൽകിയിട്ടുണ്ടോ; ഓരോ ജില്ലയിലും തയ്യാറാക്കിയ ഡി.പി.ആർ.ന്റെ പകർപ്പ് ലഭ്യമാക്കാമോ; ഡി.പി.ആർ. തയ്യാറാക്കി നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഓരോ ജില്ലയിലും കൾച്ചറൽ കോംപ്ലക്സ് എവിടെയാണ് സ്ഥാപിക്കുന്നതെന്നും ആയത് സ്ഥാപിക്കുവാനായി സർക്കാർ കണ്ടെത്തിയ ഭൂമിയുടെ വില്ലേജ്, ബ്ലോക്ക് നമ്പർ, സർവെ നമ്പർ, റീസർവെ നമ്പർ, വിസ്തീർണ്ണം എന്നിവയും വ്യക്തമാക്കാമോ;

(ഇ) ഡി.പി.ആർ. തയ്യാറാക്കി നൽകിയ ഏജൻസിക്ക് മുഴുവൻ തുകയും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുവരെ എത്ര തുക നൽകിയെന്നും ഈ ഏജൻസിയുമായുള്ള കരാർ അവസാനിച്ചത് എന്നാണെന്നും പ്രസ്തുത കരാർ നിലവിൽ ഉണ്ടോയെന്നും ഏജൻസിയുടെ പ്രവർത്തനം തൃപ്തികരമായിരുന്നോയെന്നും വ്യക്തമാക്കാമോ;

(എഫ്) ചിത്രാഞ്ജലി സ്റ്റുഡിയോയ്ക്ക് വേണ്ടി തയ്യാറാക്കിയ ഡി.പി.ആർ.ന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>കെ.എസ്.എഫ്.ഡി.സി. ചെയർമാനെതിരെയുള്ള കേസുകൾ</u>

6429 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഡി.സി. ചെയർമാനെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ കേസ് (കേസ് നമ്പർ 4682/11/12/2023) നിലവിലുണ്ടോ; പ്രസ്തുത കേസ് എന്തിനെ സംബന്ധിച്ചുള്ളതാണെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.എഫ്.ഡി.സി. ചെയർമാനെതിരെ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ഏതെങ്കിലും തരത്തിലുള്ള കേസെടുത്തിട്ടുണ്ടോ; എങ്കിൽ ഏത്

കേസാണെന്നും ഇതിനെ തുടർന്ന് ഇദ്ദേഹത്തിനെതിരെ എന്തൊക്കെ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## കെ.എസ്.എഫ്.ഡി.സി.യിലെ ആശ്രിത നിയമനം

6430 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 30.09.15-ലെ സ. ഉ. (കൈ) 29/2015/സി.എൽ.എ.ഡി. നമ്പർ സർക്കാർ ഉത്തരവ് നിലവിൽ വരുന്നതിനു മുമ്പ് കെ.എസ്.എഫ്.ഡി.സി.യിൽ ആശ്രിത നിയമനം വഴി ജോലി ലഭിച്ചവരും പി.എസ്.സി. മുഖാന്തിരം ജോലിയിൽ പ്രവേശിച്ചവരും ഒഴിച്ച് 1980 മുതൽ അവിടെ ജോലി ചെയ്തിരുന്ന സ്ഥിരം ജീവനക്കാരുടെ പേരും തസ്തികയും സേവന കാലയളവും ലഭ്യമാക്കുമോ;

(ബി) കെ.എസ്.എഫ്.ഡി.സി.യിൽ ആശ്രിത നിയമനം വഴി ജോലി ലഭിച്ചവരുടെ പേര്, ജോലിയിൽ പ്രവേശിച്ച തീയതി, തസ്തിക, നിയമനം നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കുമോ;

(സി) ഇപ്രകാരം ആശ്രിത നിയമനം ലഭിച്ച വ്യക്തി ഏത് ജീവനക്കാരന്റെ ആശ്രിതനായിരുന്നു എന്നും അപ്രകാരം ജോലിയിൽ ഇരിക്കെ മരണപ്പെട്ട ജീവനക്കാരന്റെ തസ്തിക, സ്ഥിരനിയമനം ലഭിച്ച തീയതി, സ്ഥിരനിയമനം നൽകിയ ഉത്തരവിന്റെ പകർപ്പ് എന്നീ വിശദാംശങ്ങളും വ്യക്തമാക്കുമോ?

## കെ.എസ്.എഫ്.ഡി.സി.യ്ക്ക് പദ്ധതി വിഹിതമായി അനുവദിച്ച തുക

6431 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെ കെ.എസ്.എഫ്.ഡി.സി.യ്ക്ക് ബഡ്ജറ്റിലെ പദ്ധതി വിഹിതമായി ഓരോ സാമ്പത്തിക വർഷവും എത്ര തുക അനുവദിച്ചുവെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും അറിയിക്കാമോ;

(ബി) ഏതൊക്കെ പ്രവൃത്തികൾക്കാണ് ഈ തുകകൾ അനുവദിച്ചതെന്നും അതിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നുമുള്ള വിശദാംശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## കെ.എസ്.എഫ്.ഡി.സി.യിലെ ജീവനക്കാർ

6432 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഡി.സി. പ്രവർത്തിപ്പിക്കുന്ന ഒ.ടി.ടി. പ്ലാറ്റ്ഫോമിന് നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) കെ.എസ്.എഫ്.ഡി.സി.യിൽ സ്ഥിരം ജീവനക്കാർ അല്ലാതെ കരാർവ്യവസ്ഥയിൽ എത്ര ജീവനക്കാരുണ്ടെന്ന വിശദാംശങ്ങൾ അവർ ജോലി ചെയ്യുന്ന തസ്തിക അടക്കം വ്യക്തമാക്കുമോ?

## കൈരളി, ശ്രീ തിയേറ്ററുകളുടെ സിവിൽ ജോലി

6433 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെ തിരുവനന്തപുരം കൈരളി, ശ്രീ തിയേറ്ററുകളുടെ സിവിൽ ജോലികളുടെ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കുമോ; കരാറുകാരന് സിവിൽ ജോലികൾക്കായി ആകെ എത്ര തുക നൽകിയിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## പഴയ സിനിമകളുടെ സംരക്ഷണം

6434 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ എം നൗഷാദ്**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളത്തിലെ പഴയ സിനിമകളുടെ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നു അറിയിക്കുമോ;

(ബി) പഴയ മലയാള ചലച്ചിത്രങ്ങൾ പുതുതലമുറയ്ക്കു കൂടി ആസ്വദിക്കുവാൻ ഡിജിറ്റലാക്കി സൂക്ഷിക്കുവാൻ ഫിലിം ലൈബ്രറി എന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) അവ പുതുതലമുറക്ക് പരിചയപ്പെടുത്തുന്നതിന് വീണ്ടും പ്രദർശിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കെ.എസ്.എഫ്.ഡി.സി.യുടെ തിയേറ്ററുകളിലേക്ക് പ്രൊജക്ടറുകൾ വാങ്ങിയ നടപടി

6435 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഡി.സി.യുടെ തിയേറ്ററുകളിലേക്ക് 2016-17 മുതൽ നാളിതുവരെ പ്രൊജക്ടറുകൾ വാങ്ങുന്നത് എവിടെ നിന്നാണെന്നും ഏത് കമ്പനിയുടെതാണെന്നുമുള്ള വിശദാംശം നൽകുമോ; ഇതുവരെ കെ.എസ്.എഫ്.ഡി.സി. തിയേറ്ററുകളിലേക്ക് എത്ര പ്രൊജക്ടറുകൾ വിലയ്ക്ക് വാങ്ങിയെന്നും അവയ്ക്കുവേണ്ടി ആകെ എത്ര തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(ബി) പ്രൊജക്ടറുകൾ എന്നാണ് വാങ്ങിയതെന്നും എവിടെയൊക്കെയാണ് സ്ഥാപിച്ചതെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ; പ്രൊജക്ടറുകൾ വാങ്ങുവാൻ വേണ്ടി നടത്തിയ ടെൻഡർ നടപടികളുടെ വിശദാംശം അറിയിക്കാമോ;

(സി) ഇപ്രകാരം പ്രൊജക്ടറുകൾ വാങ്ങുന്നതിന് കെ.എസ്.എഫ്.ഡി.സി.യ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഏതു ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രൊജക്ടറുകൾ വാങ്ങിയതെന്ന് വ്യക്തമാക്കുമോ?

## കെ.എസ്.എഫ്.ഡി.സി.യുടെ തൃശ്ശൂരിലുള്ള തിയേറ്ററുകൾ

6436 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഡി.സി.യുടെ തൃശ്ശൂരിലുള്ള കൈരളി, ശ്രീ തിയേറ്ററുകൾ എത്രകാലമായാണ് അടച്ചിട്ടിരിക്കുന്നത്; ഇത് എന്നത്തേയ്ക്ക് തുറന്ന് പ്രവർത്തിക്കാൻ സാധിക്കും; പ്രസ്തുത തിയേറ്ററുകൾ അടച്ചിട്ടതിനാൽ ഈ കാലയളവിൽ ഉണ്ടായ വരുമാനനഷ്ടം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## വാർഡുകൾ തോറും യൂത്ത് ക്ലബ്ബുകൾ രൂപീകരിക്കാൻ നടപടി

6437 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക തിന്മകൾക്കെതിരെ ശക്തമായി നിലപാടുകൾ സ്വീകരിക്കുവാനും പോരാടുവാനും ഓരോ വാർഡുകൾ കേന്ദ്രീകരിച്ചും ഒരു യൂത്ത് ക്ലബ്ബ് രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത യൂത്ത് ക്ലബ്ബുകൾ വഴി സമൂഹത്തിന് ആവശ്യമുള്ള വിവിധ ജോലികൾ ചെയ്യുന്നതിന് ആവശ്യമായ തൊഴിൽ സേന രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

## യുവജനകാര്യ വകുപ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

6438 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റശേഷം യുവജനകാര്യ വകുപ്പ് നടപ്പാക്കിയതും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ യുവജനകാര്യ വകുപ്പും യുവജനക്ഷേമ ബോർഡും നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തിൽ പ്രസ്തുത വകുപ്പുകൾ മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

## സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പദ്ധതികൾ

6439 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡ് 2021-22, 2022-23, 2023-24 വർഷങ്ങളിൽ യുവജനങ്ങൾക്കായി നടപ്പിലാക്കിയ പദ്ധതികൾക്കായി വിനിയോഗിച്ച തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## യുവജനങ്ങളെ സ്വയംതൊഴിൽ മേഖലകളിലേക്ക് ആകർഷിക്കാൻ നടപടി

6440 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളെ സ്വയംതൊഴിൽ സംരംഭക മേഖലകളിലേക്ക് ആകർഷിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഓൺലൈൻ വ്യാപാരത്തിലൂടെ തനത് ഉല്പന്നങ്ങൾ വില്പന നടത്താൻ യുവാക്കളെ പ്രാപ്തരാക്കാൻ പ്രത്യേക പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>യുവജനക്ഷേമ വകുപ്പിന്റെ പദ്ധതികൾ</u>**

6441 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ വകുപ്പിന്റെ കീഴിൽ മണ്ഡലാടിസ്ഥാനത്തിൽ പുതിയ പദ്ധതികളോ യുവജനക്ഷേമം മുൻനിർത്തി നടപ്പാക്കുന്ന പ്രോജക്ടുകളോ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കൊണ്ടോട്ടി മണ്ഡലത്തിൽ ഏതെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

**<u>യുവജനങ്ങളുടെ കായിക പരിശീലനം</u>**

6442 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളുടെ കായിക പരിശീലനത്തിനായി വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് ചെയ്തുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) അതിനായി മുൻ സർക്കാരും നിലവിലെ സർക്കാരും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>അരൂർ മണ്ഡലത്തിൽ സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ</u>**

6443 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ സ്വന്തമായി ഭൂമിയില്ലാത്ത എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ 2016 മുതൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകിയെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

**<u>ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി-പട്ടികവർഗ്ഗക്കാർ</u>**

6444 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. എൻ. ഷംസുദ്ദീൻ**

**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരായ, ഭവനരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വിഭാഗങ്ങൾക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് നിലവിലുള്ള പദ്ധതികൾ പര്യാപ്തമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇവർക്ക് എന്നത്തേക്ക് സ്ഥലവും വീടും അനുവദിച്ച് നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ?

## ഭൂപ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ

6445 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. പി.പി. സുമോദ്**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം പട്ടികജാതിക്കാരുടെ ഭൂപ്രശ്നത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഭവന പൂർത്തീകരണത്തിനായി ഇക്കാലയളവിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

6446 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിച്ചൽ പഞ്ചായത്തിലെ മുതുവല്ലൂർ പറയർ വിളാകം സങ്കേതം നവീകരിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതിയും സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർനടപടികളും വിശദമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനപദ്ധതി

6447 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നിലവിൽ ഭവന നിർമ്മാണത്തിനായി നൽകുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ; വിവിധ പദ്ധതികൾ പ്രകാരം മുൻപ് തുക അനുവദിക്കപ്പെട്ടതും എന്നാൽ വിവിധ കാരണങ്ങളാൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതിരുന്നവർക്കും പുതിയ പദ്ധതികൾ പ്രകാരമുള്ള തുക ലഭ്യമാകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻപ് ഏതെങ്കിലും പദ്ധതിയിൽ അനുവദിച്ച തുകയുടെ പ്രിൻസിപ്പൽ തുക മാത്രം തിരിച്ചുപിടിക്കുകയോ പഴയ ബാദ്ധ്യതകൾ എഴുതിതള്ളുകയോ ചെയ്തശേഷം ബാക്കി

തുക പുതിയ പദ്ധതി പ്രകാരം നൽകുന്നതിന് നടപടി സ്വീകരിച്ചാൽ അനേകം പേർക്ക് മുടങ്ങികിടക്കുന്ന വീട് പണി പൂർത്തികരിക്കാൻ കഴിയും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപ്രകാരം നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

**ആലപ്പുഴ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി**

6448 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം പ്രവൃത്തി ആരംഭിച്ച എത്ര എസ്.സി. നഗറുകൾ നിലവിലുണ്ടെന്നും പ്രസ്തുത നഗറുകളുടെ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(ബി) പ്രവൃത്തി ആരംഭിച്ചിട്ടുള്ളതും എഗ്രിമെന്റ് കാലാവധി അവസാനിച്ചിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തതുമായ എസ്.സി. നഗറുകളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**നരിമടയിലെ എസ്.ടി. നിവാസികൾക്ക് പട്ടയം**

6449 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്ക് കുമാരനല്ലൂർ വില്ലേജിൽ ചുണ്ടരളംപൊയിൽ നരിമട എസ്.ടി. പ്രകൃതി നിവാസികളായ എത്ര കുടുംബങ്ങൾക്ക് ഇനിയും ഭൂമി സംബന്ധമായ അവകാശ രേഖ ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

**മങ്കട മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം അനുവദിച്ച വീടുകൾ**

6450 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി തുടങ്ങിയതിനു ശേഷം നാളിതുവരെ മങ്കട മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വീടില്ലാത്ത എത്ര പേർക്ക് ഭൂമിയും വീടും നൽകിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) ലൈഫ് പദ്ധതി ലിസ്റ്റിൽ നിലവിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ ഉൾപ്പെട്ടിട്ടുണ്ടെന്നും വീടില്ലാത്ത എത്ര പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കാൻ ബാക്കിയുണ്ടെന്നും വിശദമാക്കുമോ?

**ആലപ്പുഴ മണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങൾ**

6451 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന കണക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് ഏതെല്ലാം പദ്ധതികളിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## പാറശ്ശാല മണ്ഡലത്തിലെ ഭവന രഹിതർക്കുള്ള ഭവന നിർമ്മാണ പദ്ധതി

6452 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ വനാവകാശ നിയമപ്രകാരം കൈവശരേഖ ലഭിക്കാനുള്ള അപേക്ഷകരെ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഭവനരഹിതർക്കുള്ള ഭവനനിർമ്മാണ പദ്ധതിക്കായി പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണ്; ഇതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും വകുപ്പ് മുഖേനയുള്ള ഭവന നിർമ്മാണത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും പാറശ്ശാല നിയോജകമണ്ഡലത്തിൽ എത്ര ഭവനങ്ങൾ നിർമ്മിച്ചുവെന്നുമുള്ള വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഫണ്ടിൽ നിന്നും ലൈഫ് പദ്ധതിയിലേക്ക് തുക കൈമാറിയിട്ടുണ്ടോ; എങ്കിൽ കൈമാറിയ തുക എത്രയാണ്; പ്രസ്തുത പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ പാറശ്ശാല നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് നിർമ്മിച്ച് നൽകി; ഇനം തിരിച്ചുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

## മണലൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

6453 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിലെ ചൊവ്വല്ലൂർ പട്ടികജാതി ഗ്രാമത്തിന് അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം എത്ര രൂപയാണ് അനുവദിച്ചത്;

(ബി) എന്തെല്ലാം നവീകരണ പ്രവൃത്തികളാണ് പ്രസ്തുത ഗ്രാമത്തിൽ നടപ്പാക്കുന്നത്;

(സി) പ്രസ്തുത പ്രവൃത്തി ഏത് ഏജൻസിയാണ് നിർവ്വഹിക്കുന്നത്;

(ഡി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

## വരടിയം കോളനിയിലെ അംബേദ്കർ ഗ്രാമം പദ്ധതി

6454 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ അവണൂർ പഞ്ചായത്തിലെ വരടിയം അംബേദ്കർ കോളനിയിലെ അംബേദ്കർ ഗ്രാമം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

## നഗറുകളുടെ സമഗ്ര വികസനം

6455 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗറുകളുടെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് (മോഡൽ നഗറുകൾക്ക്) 2021 മുതൽ നാളിതുവരെ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും എത്ര നഗറുകൾക്ക് ഈ തുക അനുവദിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) നഗറുകളിലെ നിർമ്മാണ പ്രവൃത്തികൾ തദ്ദേശ സ്വയംഭരണം, പൊതുമരാമത്ത് എന്നീ വകുപ്പുകൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>കോതമംഗലം മണ്ഡലത്തിലെ ആദിവാസി നഗറുകളുടെ വൈദ്യുതീകരണം</u>**

6456 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ തലവച്ചപാറ, കുഞ്ചിപ്പാറ എന്നീ ആദിവാസി നഗറുകളിലെ വൈദ്യുതീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആദിവാസി നഗറുകളിലെ എത്ര വീടുകളിൽ വൈദ്യുതി കണക്ഷൻ നിലവിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും എത്ര വീടുകളിൽ ലഭ്യമാക്കുവാൻ ശേഷിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത വീടുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് വകുപ്പിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>കടുത്തുരുത്തി മണ്ഡലത്തിലെ നഗറുകളുടെ നവീകരണം</u>**

6457 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ നഗറുകളായ കടപ്ലാമറ്റം പഞ്ചായത്തിലെ ഇലയ്ക്കാട്, ഉഴവൂർ പഞ്ചായത്തിലെ ആച്ചിക്കൽ, കടുത്തുരുത്തി പഞ്ചായത്തിലെ നഗറുകൾ, മാഞ്ഞൂർ പഞ്ചായത്തിലെ നഗറുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിലെ നഗറുകളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അവയെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത നഗറുകളുടെ വികസനം സംബന്ധിച്ച് നൽകിയ നിവേദനത്തിന്മേൽ സ്ഥലം എം.എൽ.എ.യ്ക്ക് മറുപടി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>ആലത്തൂർ മണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി</u>**

6458 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ അംബേദ്കർ സ്വാശ്രയ ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി 2016 മുതൽ നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള എസ്.സി. നഗറുകളുടെ

വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇവയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശവും പൂർത്തീകരിച്ച നടപടികളും അറിയിക്കാമോ?

**<u>മൺപാത്ര തൊഴിലാളികളുടെ വാസസ്ഥലം നവീകരണം</u>**

6459 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗതമായി മൺപാത്ര തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്നവർ താമസിക്കുന്ന കുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ വട്ടയക്കണ്ടി നഗറിന്റെ പുനരുദ്ധാരണത്തിന് സമർപ്പിച്ച പദ്ധതി അംഗീകരിച്ച് നഗറിന്റെ വികസനം യാഥാർത്ഥ്യമാക്കുമോ; വിശദമാക്കാമോ?

**<u>കാസർഗോഡ് ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ നഗറുകൾ</u>**

6460 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ നഗറുകൾ ഉണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നഗറുകളിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന് നഗർ തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നഗറുകളിൽ കഴിഞ്ഞ പത്ത് വർഷം നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് നഗർ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) നിലവിൽ നടന്നുവരുന്നതും ആരംഭിക്കാനുള്ളതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് നഗർ തിരിച്ച് വ്യക്തമാക്കാമോ?

**<u>നടത്തിപ്പാറ രക്കാണ്ടി എസ്.ടി. നഗർ</u>**

6461 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ നടത്തിപ്പാറ-രക്കാണ്ടി എസ്.ടി. നഗറിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**<u>വനാവകാശരേഖ ലഭിക്കുന്നതിനുള്ള അപേക്ഷകൾ</u>**

6462 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശരേഖ ലഭിക്കുന്നതിനായി പൂഞ്ഞാർ മണ്ഡലത്തിൽ നിന്നും സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാക്കാത്ത അപേക്ഷകളുടെ എണ്ണവും പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശവും പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

## <u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ</u>

6463 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസം ചെയ്യുന്ന പട്ടികജാതി പട്ടികവർഗ്ഗ സമുദായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) വിദേശത്ത് വിദ്യാഭ്യാസം ചെയ്യുവാൻ ആഗ്രഹിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ സമുദായ വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## <u>നാദാപുരം മണ്ഡലത്തിൽ അനുവദിച്ച പഠനമുറികൾ</u>

6464 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം നാളിതുവരെ നാദാപുരം മണ്ഡലത്തിൽ എത്ര പേർക്ക് പഠനമുറി അനുവദിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) നാദാപുരം മണ്ഡലത്തിൽ ഇതുവരെ അനുവദിച്ച എല്ലാ പഠനമുറികളുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പഠനമുറികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## <u>പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത പഠനം നടത്തുന്നതിന് സഹായം</u>

6465 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഉന്നത പഠനം നടത്തുന്നതിന് എന്തെല്ലാം സഹായമാണ് സർക്കാർ നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ?

## <u>വെർച്വൽ പ്രീ എക്സാമിനേഷൻ ട്രയിനിംഗ് സെന്റർ</u>

6466 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്ന കേന്ദ്രങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സെന്ററുകളുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## എസ്.സി., എസ്.ടി. വിദ്യാർത്ഥികൾക്ക് കോഴ്സ് പൂർത്തിയാക്കാൻ സംവിധാനം

6467 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തോൽവിമൂലം പഠനം നിർത്തുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് കോഴ്സ് സുഗമമായി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## എസ്.സി. വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം

6468 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വരിക്കോലി മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആന്റ് സയൻസ് എന്ന സ്ഥാപനത്തിൽ പ്രവേശനം നേടിയ കുന്നത്തുനാട് മണ്ഡലത്തിലെ രണ്ട് എസ്.സി. വിദ്യാർത്ഥികൾക്ക് 2021-22 വർഷത്തെ ഫീസും സ്റ്റൈപെന്റും അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് അർഹമായ വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കെടാവിളക്ക് പദ്ധതി

6469 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്കായി ആരംഭിച്ച കെടാവിളക്ക് പദ്ധതിയുടെ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) ഒന്ന് മുതൽ പത്ത് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി ഒൻപത്, പത്ത് ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

## മുടങ്ങാതെ പഠനം തുടരാൻ നടപടി

6470 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്റ്റൽ ഫീസും ലംപ്സം ഗ്രാന്റും അടക്കമുള്ള സഹായം മാസങ്ങളായി മുടങ്ങിയതോടെ സംസ്ഥാനത്ത് പഠനം നിർത്തുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം കൂടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഭാഗത്തിന് ലഭിക്കുന്ന സഹായം മുടങ്ങാതെ പഠനം തുടരുവാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികളുടെ ഉന്നതവിദ്യാഭ്യാസ പദ്ധതി

6471 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി, പട്ടികവർഗ്ഗ ,പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികളുടെ ഉന്നതവിദ്യാഭ്യാസത്തിനായി നടപ്പാക്കിയ പദ്ധതികളുടെയും ഗുണഭോക്താക്കളുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) വിദേശത്ത് ഉന്നതപഠനം സാധ്യമാക്കുന്നതിനായി എത്ര കുട്ടികൾക്കാണ് സർക്കാർ സഹായം നൽകിയിട്ടുള്ളത്; എത്ര തുക വീതമാണ് ഇവർക്ക് നൽകിയിട്ടുള്ളത്;

(സി) പൈലറ്റ് കോഴ്സ് പഠനത്തിനായി എത്ര കുട്ടികൾക്ക് എത്ര രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്;

(ഡി) ഉന്നതി സ്കോളർഷിപ്പ് ലഭിക്കുന്നതിന് നിലവിൽ അപേക്ഷകൾ തീർപ്പാകാതെ ഉണ്ടോ; എങ്കിൽ എത്ര അപേക്ഷകളാണ് തീർപ്പാകാതെയുള്ളത്; ഇവ ഏത് വർഷം ലഭിച്ച അപേക്ഷകളാണ്; ഇവർക്ക് പഠനം സാധ്യമാക്കുന്നതിന് അടിയന്തരമായി ഫണ്ട് ലഭ്യമാക്കുവാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

## <u>പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.കൾ</u>

6472 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.കൾ ഏതെല്ലാമെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.കളിൽ പഠിപ്പിക്കുന്ന കോഴ്സുകൾ ഏതെല്ലാമെന്നും പ്രസ്തുത കോഴ്സുകളിലെ സ്റ്റുഡന്റ്സ് സ്ട്രെങ്ങ്ത് എത്രയെന്നും വിശദമാക്കാമോ?

## <u>എം.ആർ.എസ്., പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ</u>

6473 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന എം.ആർ.എസ്.,പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാഗമായി താമസിച്ചു പഠിക്കേണ്ടി വരുന്ന വിദ്യാർത്ഥികൾക്ക് മറ്റ് ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നിലവിലുള്ള എം.ആർ.എസ്.കളുടെയും ഹോസ്റ്റലുകളുടെയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

## <u>പോസ്റ്റ്മെട്രിക്, പ്രീമെട്രിക് ഹോസ്റ്റലുകൾ</u>

6474 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക

വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, പ്രീമെട്രിക് ഹോസ്റ്റലുകൾ എന്നിവയുടെ വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത ഹോസ്റ്റലുകളിൽ താമസിക്കാൻ അനുവദിക്കപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണവും താമസിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും ഹോസ്റ്റലുകൾ തിരിച്ച് ലഭ്യമാക്കാമോ;

(സി) പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലും പ്രീമെട്രിക് ഹോസ്റ്റലുകളിലും താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## പ്രീ മെട്രിക്ക് ഹോസ്റ്റലുകളുടെ നവീകരണം

6475 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ മെട്രിക്ക് ഹോസ്റ്റലുകളുടെ നവീകരണം, പരിപാലനം തുടങ്ങി എല്ലാ പ്രവർത്തനങ്ങളും പട്ടികജാതി വികസന വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടു നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) എങ്കിൽ അത് സംബന്ധിച്ചുള്ള ഉത്തരവുകൾ, മറ്റ് രേഖകൾ എന്നിവ ലഭ്യമാക്കുമോ?

## കുട്ടിക്കാനം എം.ആർ.എസ് ലെ കെട്ടിട നിർമ്മാണം

6476 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടിക്കാനം എം.ആർ.എസിൽ പുതിയ കെട്ടിടം നിർമ്മിക്കുവാൻ എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; ഏത് ഏജൻസിക്കാണ് നിർമ്മാണ ചുമതല നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) കരാർ പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കേണ്ട തീയതി, കെട്ടിട നിർമ്മാണ പുരോഗതി എന്നിവ അറിയിക്കാമോ;

(സി) നിശ്ചയിച്ച തീയതിക്കുള്ളിൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കാത്ത കരാറുകാരനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## പട്ടികജാതി യുവാക്കൾക്കുള്ള നൈപുണ്യ പരിശീലന പദ്ധതി

6477 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി യുവാക്കൾക്കുള്ള നൈപുണ്യ പരിശീലന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; സംസ്ഥാനത്ത് പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന ഏതെല്ലാം മേഖലയിലാണ് തൊഴിൽ പരിശീലനം നൽകുന്നത്; പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും സുസ്ഥിര വരുമാനം

ഉറപ്പുവരുത്തുന്നതിനുമുള്ള പ്രത്യേക പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) വിദേശത്ത് ജോലി സാധ്യതകൾ കണ്ടെത്തുന്നതിനും പരിചയപ്പെടുത്തുന്നതിനും നൈപുണ്യ പരിശീലന പദ്ധതി വഴി പ്രോഗ്രാമുകൾ നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ഈ സർക്കാർ വന്നശേഷം മലപ്പുറം മണ്ഡലത്തിൽ പട്ടികജാതി യുവാക്കൾക്കുള്ള നൈപുണ്യ പരിശീലന പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോന്നിനും ചെലവാക്കിയ തുക എത്രയാണെന്നും വിശദമാക്കാമോ?

## കിർത്താഡ്സിന്റെ അന്വേഷണ റിപ്പോർട്ട്

6478 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചക്കാല സമുദായത്തിൽ ഉൾപ്പെട്ടതും രേഖകളിൽ ഹിന്ദു-നായർ എന്ന് കാണിച്ചതുമായ ചക്കാല നായർ വിഭാഗത്തിന്റെ ജാതിപ്പേര് തിരുത്തി നൽകുന്നത് സംബന്ധിച്ച കിർത്താഡ്സിന്റെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## വാമനപുരം മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച പദ്ധതികൾ

6479 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ വാമനപുരം മണ്ഡലത്തിൽ പട്ടികജാതി കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തിയ പ്രവൃത്തികൾ ഏതെല്ലാമാണെന്നും അതിനായി ചെലവാക്കിയ തുക എത്രയാണെന്നും വർഷം, പദ്ധതി എന്നിവ തിരിച്ച് നൽകാമോ?

## കോർപ്പസ് ഫണ്ട് ഉപയോഗിക്കുന്നതിനു പുതിയ വ്യവസ്ഥ

6480 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ട് ഉപയോഗിക്കുന്നതിനുള്ള മാനദണ്ഡത്തിൽ എപ്പോഴാണ് പുതിയ വ്യവസ്ഥകൾ അവസാനമായി ഉൾപ്പെടുത്തിയത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് പുതുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) കണ്ണൂർ ജില്ലയിൽ 2023-24 വർഷത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ഏറനാട് മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് വിനിയോഗം

6481 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോർപ്പസ് ഫണ്ട് വഴി എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് 2021 മുതൽ നാളിതുവരെ പണം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചതെന്ന വിവരം ലഭ്യമാക്കാമോ?

## കോർപ്പസ്സ് ഫണ്ട് വഴി നടപ്പിലാക്കിയ പദ്ധതികൾ

6482 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ കോർപ്പസ് ഫണ്ട് വഴി കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതൊക്കെ പദ്ധതികളാണ് കോർപ്പസ് ഫണ്ട് വഴി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചതെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ ഗോത്ര ജീവിക പദ്ധതി പ്രവൃത്തികൾ

6483 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്ര ജീവിക പദ്ധതി പ്രകാരം അരുവിക്കര മണ്ഡലത്തിൽ എത്ര തൊഴിൽ ഗ്രൂപ്പുകൾക്ക് രൂപം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന എത്ര പേർക്ക് സാധ്യമായ തൊഴിൽ ലഭ്യമാക്കാൻ സാഹചര്യം ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## ഉന്നതി സ്റ്റാർട്ട് അപ് മിഷന്റെയും സിറ്റി സ്റ്റാർട്ട് അപ് മിഷന്റെയും പ്രവർത്തനങ്ങൾ

6484 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച ഉന്നതി സ്റ്റാർട്ട് അപ് മിഷന്റെയും സ്റ്റാർട്ട് അപ് സിറ്റി മിഷന്റെയും പ്രവർത്തനങ്ങൾ, ഉദ്ദേശ്യലക്ഷ്യങ്ങൾ ഇവ വിശദമാക്കാമോ;

(ബി) നാളിതുവരെയായി ഉന്നതി സ്റ്റാർട്ട് അപ് പദ്ധതിക്ക് കീഴിൽ എത്ര വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് അനുമതി നല്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) സ്റ്റാർട്ട് അപ് സിറ്റി പദ്ധതിയിൽ എത്ര സ്റ്റാർട്ട് അപ് മിഷനുകൾക്ക് തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്നവർക്ക് നൽകി വരുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ

6485 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്നവർക്ക് നൽകിവരുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; ഓരോ പദ്ധതിയും അവയുടെ മാനദണ്ഡങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) 2021 മുതൽ നാളിതുവരെ മരണാനന്തര ആനുകൂല്യങ്ങൾക്കായി ഇടുക്കി ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് ധനസഹായം നൽകിയെന്നും സംബന്ധിച്ച വിശദാംശം വർഷം തിരിച്ച് നൽകാമോ?

**<u>അരുവിക്കര മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ</u>**

6486 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) 2023-24 സാമ്പത്തിക വർഷം പ്രസ്തുത സഹകരണ സംഘങ്ങളെ സഹായിക്കുന്നതിന് സർക്കാർ തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ നൽകുമോ?

**<u>മില്ലറ്റ് വില്ലേജ് പദ്ധതി</u>**

6487 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിൽ പാരമ്പര്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള അട്ടപ്പാടിയിലെ മില്ലറ്റ് വില്ലേജ് പദ്ധതിയുടെ പ്രത്യേകത അറിയിക്കാമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി മറ്റു സ്ഥലങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

**<u>കിർത്താഡ്സിന്റെ പ്രവർത്തനങ്ങൾ</u>**

6488 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിർത്താഡ്സിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം അനുവദിക്കുന്നതിന് സമർപ്പിക്കുന്ന ജാതി സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് തട്ടിപ്പുകാരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുവെന്ന് വിശദമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി 2021, 2022, 2023 കാലയളവിൽ ഓരോ ജില്ലയിലും എത്ര ക്രമക്കേടുകൾ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഇങ്ങനെ കണ്ടെത്തിയവരുടെ പേരിൽ നാളിതുവരെ എന്തെല്ലാം ശിക്ഷാനടപടികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>പൊതുപരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന സമ്മാന പദ്ധതി</u>**

6489 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുപരീക്ഷകളിൽ ഉന്നത വിജയം നേടിയ പട്ടികജാതി പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന പ്രോത്സാഹന സമ്മാന പദ്ധതി തുടർന്നു വരുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഉയർത്തി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>കാസർഗോഡ് ജില്ലയിൽ ലൈഫ് പദ്ധതി ലിസ്റ്റിൽപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ</u>**

6490 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി നടപ്പിലാക്കിയ ശേഷം കാസർഗോഡ് ജില്ലയിൽ എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് വീട് നൽകിയിട്ടുള്ളതെന്ന് പഞ്ചായത്ത്/നഗരസഭ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ ലൈഫ് പദ്ധതി ലിസ്റ്റിൽ എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും ഇനി എത്രപേർക്ക് വീട് അനുവദിക്കാനുണ്ടെന്നും പഞ്ചായത്ത്/നഗരസഭ തിരിച്ച് വിശദാംശം നൽകുമോ?

**<u>പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ കൃഷി പ്രോത്സാഹിപ്പിക്കുവാൻ നടപടി</u>**

6491 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ കൃഷി അനുബന്ധ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇവരുടെ ഭൂമിയിൽ ആധുനിക രീതിയിലുള്ള കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

**<u>പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ വായ്പ</u>**

6492 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങളിലെ തൊഴിൽ രഹിതരായിട്ടുള്ളവർക്ക് സ്വയം തൊഴിൽ സംരംഭത്തിനായി മുൻസർക്കാരും നിലവിലെ സർക്കാരും എത്ര രൂപയുടെ വായ്പ അനുവദിച്ചു നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വായ്പ എത്ര പേർക്ക് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>പാലക്കാട് മെഡിക്കൽ കോളേജിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ</u>**

6493 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങളുടെയും പഠന സൗകര്യങ്ങളുടെയും അഭാവം മൂലം വിദ്യാർത്ഥികൾ കടുത്ത പ്രതിസന്ധി നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിൽ എല്ലാ വിഭാഗങ്ങളിലും സ്ഥിരം അധ്യാപകരേയും മറ്റ് ജീവനക്കാരേയും നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മെഡിക്കൽ കോളേജിൽ ഐ.പി., ഒ.പി., എമർജൻസി ട്രോമാകെയർ, ക്യാഷ്വാലിറ്റി തുടങ്ങിയ സംവിധാനങ്ങളുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത മെഡിക്കൽ കോളേജിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അടിയന്തരമായി ഏർപ്പെടുത്തിക്കൊണ്ട് നിലവിൽ ക്ലിനിക്കൽ ആവശ്യങ്ങൾക്കായി ആശ്രയിക്കുന്ന ജില്ലാ ആശുപത്രിയിൽ നിന്നും പൂർണ്ണമായും മെഡിക്കൽ കോളേജ് യൂണിറ്റിന്റെ പ്രവർത്തനം മെഡിക്കൽ കോളേജ് ക്യാമ്പസ്സിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ;

(ഇ) അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം ആയത് പരിശോധിക്കുന്നതിന് വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കുമോ; വ്യക്തമാക്കുമോ ;

(എഫ്) പാലക്കാട് മെഡിക്കൽ കോളേജ് സ്ഥാപിതമായി 10 വർഷങ്ങൾ കഴിഞ്ഞിട്ടും പ്രതിസന്ധികൾ നേരിടുന്ന സാഹചര്യത്തിൽ ആയത് അടിയന്തരമായി പരിഹരിച്ചുകൊണ്ട് മികവിന്റെ കേന്ദ്രമാക്കി മാറ്റുവാൻ സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## പേര് മാറ്റിയ ഉത്തരവ്

6494 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂട്ടമായി അധിവസിക്കുന്ന മേഖലകൾക്ക് കോളനി, സങ്കേതം, ഊര് എന്നീ പേരുകൾ ഒഴിവാക്കി ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) തദ്ദേശീയ ജനതയായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യ ജീവിതസ്ഥിതി വിശകലനം ചെയ്ത് ഓരോ പൗരന്റെയും ജീവിതനിലവാരം ഉയർത്തുന്ന രീതിയിൽ ഊരും ഊരുക്കൂട്ടങ്ങളും നിലനിന്നിരുന്നതിനാൽ ഊര് എന്ന പേര് നിലനിർത്തണമെന്ന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന ചില സംഘടനകൾ ആവശ്യമുയർത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ പട്ടികജാതി നഗറുകളിലെ കുടിവെള്ള വിതരണം

6495 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി നഗറുകളിലാണ് കുടിവെള്ള ലഭ്യതയില്ലാത്തതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ പട്ടികജാതി നഗറുകളിൽ കുടിവെള്ളം എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ സേഫ് പദ്ധതി

6496 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം പൂഞ്ഞാർ മണ്ഡലത്തിൽ സേഫ് പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത ധനസഹായത്തോടെയുള്ള പ്രവൃത്തികളിൽ എത്രയെണ്ണം നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## പീരുമേട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി

6497 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് മണ്ഡലത്തിൽ കഴിഞ്ഞ എട്ട് വർഷമായി അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ നഗറുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പീരുമേട് മണ്ഡലത്തിലെ വഞ്ചിവയൽ, പശുമാല , പീരുമേട് കച്ചേരികുന്ന്, ആനപ്പള്ളം എന്നീ അംബേദ്കർ ഗ്രാമ വികസന പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(സി) അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട നഗറുകളുടെ പട്ടിക അംഗീകരിച്ച് സർക്കാർ ഉത്തരവ് വന്നതിന് ശേഷം സാങ്കേതിക അനുമതിയും ടെണ്ടർ നടപടികളും പൂർത്തിയാക്കുവാൻ വളരെയേറെ കാലതാമസം നേരിടുന്നതിനാൽ ആയത് വേഗത്തിലാക്കുവാൻ ഒരോ ഘട്ടത്തിന്റെയും സമയക്രമം പാലിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) മേമാരിയിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി ആരഭിച്ചത് എന്നാണ്; പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ഇ) അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് സമയബന്ധിതമായി ബിൽ മാറിനൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കുംഭാരൻ സമുദായത്തിന്റെ പേരുകൾ ഏകീകരിക്കുന്നതിന് നടപടി

6498 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺപാത്രനിർമ്മാണം കുലത്തൊഴിലായി സ്വീകരിക്കുകയും വിവിധ ജാതിപ്പേരുകളിൽ അറിയപ്പെടുകയും ചെയ്യുന്ന കുംഭാരൻ സമുദായത്തിന്റെ പേരുകൾ

ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട് കിർത്താഡ്സിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ചികിത്സാ ധനസഹായം</u>**

6499 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ചികിത്സാ ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്രപേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക അനുവദിച്ചെന്നും അറിയിക്കാമോ?

**<u>പട്ടികജാതി കുടുംബത്തിലെ ഒരാൾക്കെങ്കിലും തൊഴിൽ നൽകുന്ന പദ്ധതി</u>**

6500 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. യു. എ. ലത്തീഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബത്തിലെ ഒരാൾക്കെങ്കിലും സ്ഥിര വരുമാനമുള്ള തൊഴിൽ നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന തൊഴിൽ ലഭിച്ചവരുടെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം മേഖലകളിലാണ് തൊഴിൽ നൽകിയതെന്ന് വ്യക്തമാക്കുമോ?

**<u>മങ്കട മണ്ഡലത്തിലെ ഭൂരഹിതർ</u>**

6501 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ഭൂരഹിതർ ഉണ്ടെന്ന് ഗ്രാമപഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേരുടെ അപേക്ഷ ഭൂമി ലഭിക്കുന്നതിനായി ലഭിച്ചിട്ടുണ്ട്; ഗ്രാമപഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കാമോ?

**<u>സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള സഹായം</u>**

6502 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിക്കിൾ സെൽ അനീമിയ രോഗം ബാധിച്ച ആദിവാസി ഗോത്ര ജനവിഭാഗങ്ങൾക്ക് ധനസഹായം അനുവദിക്കുന്നുണ്ടോ; എങ്കിൽ പ്രതിമാസം എത്ര തുകയാണ് നൽകുന്നത്; വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം എത്രപേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്; കഴിഞ്ഞ സാമ്പത്തിക വർഷം ഇതിനായി ചെലവഴിച്ച തുകയുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## ഭൂരഹിതർക്ക് പുറമ്പോക്ക് ഭൂമി ലഭ്യമാക്കാൻ നടപടി

6503 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിനായി ഉപയുക്തമായ പുറമ്പോക്ക്/തരിശു ഭൂമി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ?

## പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച അംബേദ്കർ ഗ്രാമം പദ്ധതിയുടെ പ്രവർത്തന പുരോഗതി

6504 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരി മണ്ഡലത്തിൽ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച അംബേദ്കർ ഗ്രാമം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിലുണ്ടായ തടസ്സം പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ

6505 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ലഭ്യമല്ലാത്ത ചികിത്സ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭ്യമാക്കുന്നതിനുവേണ്ടി സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാരുടെ നിരക്ഷരത തുടച്ചുനീക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

## തെന്നിലാപുരം വാഴമ്പള്ളം എസ്.സി. നഗർ

6506 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ തെന്നിലാപുരം വാഴമ്പള്ളം എസ്.സി. നഗർ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ പട്ടികവർഗ്ഗ പ്രദേശത്തെ നവീകരണ പ്രവൃത്തികൾ

6507 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾ ഒരുമിച്ചു താമസിക്കുന്ന ഏതൊക്കെ പ്രദേശങ്ങളിലാണ് വിവിധ നവീകരണ പ്രവൃത്തികൾ നടത്തുന്നതെന്ന് ഓരോ പദ്ധതിയുടെയും വിശദാംശങ്ങളടക്കം വ്യക്തമാക്കാമോ?

**<u>പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ</u>**

6508 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 – 2016 കാലഘട്ടത്തിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഇപ്പോൾ തുടരുന്ന പദ്ധതികളും നിർത്തലാക്കിയ പദ്ധതികളും പുനർനാമകരണം ചെയ്ത പദ്ധതികളും ഏതൊക്കെയാണെന്ന വിശദാംശം നൽകാമോ?

**<u>കോങ്ങാട് മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ച പ്രവൃത്തികൾ</u>**

6509 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോങ്ങാട് മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെ; ഇതിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചു; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**<u>നാദാപുരം മണ്ഡലത്തിൽ അനുവദിച്ച ചികിത്സാ ധനസഹായം</u>**

6510 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാദാപുരം മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കുള്ള ചികിത്സാ ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രപേർക്ക് ധനസഹായം ലഭ്യമായിട്ടുണ്ടെന്നും എത്ര രൂപ ഇതിനകം അപേക്ഷകർക്ക് അനുവദിച്ചിട്ടുണ്ടെന്നും തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

**<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന സഹായങ്ങൾക്കുള്ള വരുമാനപരിധി</u>**

6511 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന സഹായങ്ങൾക്ക് വരുമാനപരിധി മാനദണ്ഡമാക്കുമ്പോൾ അർഹതപ്പെട്ട പലർക്കും സഹായം നിഷേധിക്കപ്പെടുന്നതായ ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>പിന്നാക്ക വിഭാഗക്കാർക്കായി നടപ്പിലാക്കിയ പുതിയ പദ്ധതികൾ</u>

6512 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം പിന്നാക്ക വിഭാഗങ്ങൾക്കായി പുതിയതായി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) പിന്നാക്ക വിഭാഗത്തിൽപ്പെട്ട സ്കൂൾ ,കോളേജ് വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ് അറിയിക്കാമോ;

(സി) പിന്നാക്ക വിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(ഡി) പിന്നാക്ക വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്കായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ് അറിയിക്കാമോ?

## <u>പിന്നാക്ക വിഭാഗ വിദ്യാർത്ഥികളുടെ ഫീസ്</u>

6513 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻവർഷങ്ങളിൽ സ്വാശ്രയ കോഴ്സുകളിൽ മാനേജ്മെൻറ് സീറ്റിൽ ചേരുന്ന ഒ.ഇ.സി. (അദർ എലിജിബിൾ കാസ്റ്റ് ) വിദ്യാർത്ഥികൾക്ക് സ്വാശ്രയ ഫീസ് അടക്കേണ്ടി വന്നിരുന്നോയെന്ന് വ്യക്തമാക്കുമോ; ഈ വർഷം പ്രസ്തുത ഫീസ് അടക്കേണ്ടി വരുന്നതായുള്ള വിദ്യാർത്ഥികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

## <u>പിന്നാക്ക വിഭാഗം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്</u>

6514 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പിനായി ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾ അപേക്ഷിക്കേണ്ടതില്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചതെന്ന് അറിയിക്കാമോ;

(സി) ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

**ലോൺ അപേക്ഷകൾ**

6515 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നെയ്യാറ്റിൻകര ഓഫീസ് വഴി 2023-24 സാമ്പത്തിക വർഷത്തിൽ എത്ര പേർക്ക് വിവിധ വിഭാഗങ്ങളിലായി ലോൺ നൽകി എന്ന് വ്യക്തമാക്കാമോ;

(ബി) എത്ര ലോൺ അപേക്ഷകൾ ആണ് പ്രസ്തുത വർഷത്തിൽ ലഭിച്ചത് എന്ന് വിശദമാക്കാമോ?

**ബാർബർ ഷോപ്പ് നവീകരിക്കുന്നതിന് സഹായം**

6516 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ബാർബർ തൊഴിലാളികൾക്ക് ബാർബർ ഷോപ്പ് നവീകരിക്കുന്നതിന് വകുപ്പ് സഹായം നൽകുന്നുണ്ടോ;എങ്കിൽ ഗുണഭോക്തൃ മാനദണ്ഡം വിശദമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര ഗുണഭോക്താക്കൾക്കാണ് സഹായം നൽകിയതെന്ന് വ്യക്തമാക്കുമോ?

**ചികിത്സാ ധനസഹായം**

6517 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പയ്യന്നൂർ മണ്ഡലത്തിലെ എത്ര പേർക്ക് എത്ര ലക്ഷം രൂപയാണ് വകുപ്പ് മന്ത്രിയുടെ ചികിത്സാ ധനസഹായം മുഖേന അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) എം.എൽ.എ. മാർ മുഖേന നൽകുന്ന ചികിത്സാ സഹായ അപേക്ഷകളുടെ തൽസ്ഥിതി അറിയാൻ സി.എം.ഡി.ആർ.എഫ്. ൽ ഉള്ളതുപോലെയുള്ള സംവിധാനം വകുപ്പിൽ നടപ്പിലാക്കുമോ; വ്യക്തമാക്കാമോ?

**പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പദ്ധതികൾ**

6518 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖാന്തിരം നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്നും ഓരോ വികസന പദ്ധതിയുടേയും പ്രയോജനം എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

**പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

6519 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട [ഒ.ഇ.സി., ഒ.ബി.സി., ഒ.ബി.സി. (എച്ച്)] വിദ്യാർത്ഥികൾക്ക് ഏതൊക്കെ രീതിയിലുള്ള വിദ്യാഭ്യാസ

ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര മാസങ്ങളായി ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(സി) വിദ്യാർത്ഥികൾക്ക് നൽകാനുള്ള ആനുകൂല്യങ്ങൾ കുടിശ്ശിക തീർത്ത് പൂർണ്ണമായും എന്നത്തേയ്ക്ക് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>**പിന്നാക്ക സമുദായങ്ങളുടെ സംവരണ പട്ടിക പുതുക്കുന്നതിന് നടപടി**</u>

6520 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളുടെ സംവരണ പട്ടിക പുതുക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി ജാതി സർവേ നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
02-07-2024

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>**പ്രത്യേക ശ്രദ്ധയ്ക്ക്:**</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].